III റിപ്പോർട്ട് സമർപ്പണം

(1) VI-ാം സബ്ജറ്റ് കമ്മിറ്റിയുടെ 2004-05 വർഷത്തെ ആനുകാലിക റിപ്പോർട്ട്

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): സർ, VI-ാം സബ്ജക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ കമ്മിറ്റിയുടെ 2004-05 വർഷത്തെ ആനുകാലിക റിപ്പോർട്ട് സമർപ്പിക്കുന്നു.

(2) പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ നൂറ്റിപ്പതിനാല് മുതൽ നൂറ്റിയിരുപത്തിരണ്ട് വരെയുള്ള റിപ്പോർട്ടുകൾ

ഡോ. തോമസ് ഐസക്: സർ, പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ നൂറ്റിപ്പതിനാല് മുതൽ നൂറ്റിയിരുപത്തിരണ്ട് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

(3) സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ പതിനേഴും പതിനെട്ടും റിപ്പോർട്ടുകൾ

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: സർ, സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷയായ ഞാൻ സമിതിയുടെ പതിനേഴും പതിനെട്ടും റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

(4) ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പതിനേഴ് മുതൽ ഇരുപത്തിയൊന്ന് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. എം. മുരളി: സർ, ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ ചെയർമാനായ ഞാൻ കമ്മിറ്റിയുടെ പതിനേഴ് മുതൽ ഇരുപത്തിയൊന്ന് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

IV നിയമനിർമ്മാണകാര്യം

2006-ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) ബില്ലിന്റെ പരിഗണനയും അനന്തരഘട്ടങ്ങളും.

2-ാം വകുപ്പ്

Water Resources and Parliamentary Affairs Minister **(Shri Thiruvanchoor Radhakrishnan):** Sir, I move the following official amendment:

(6) (1) In sub-clause (i) after the word "following" the word "clauses" shall be inserted.

(2) In item (jb) proposed to be inserted in section 2, for the words "catchment area", the words "water spread area" shall be substituted.

LIBRARY ARCHIVES Kerala Legislative Assembly

(3) In sub-clause (ii) after the word, "following", the word "clause" shall be inserted.

(4) In item (ala) proposed to be inserted in section 2, after the words, "SECOND SCHEDULE" the words "or any dam which may be notified by the Government from time to time as a Scheduled dam" shall be added.

Shri V. D. Satheesan: Sir, I move the following amendment:

(9) In clause (ja) of Section 2 of the principal Act proposed to be inserted by Clause 2(1), "after judgement or decree" add "order of any court".

Shri M. V. Jayarajan: Sir, I move the following amendments:

(10) In clause (ja) of Section 2 of the principal Act proposed to be inserted by Clause 2(i), insert the words "made before or after the independence of India" in between the words "decree" and "has been granted".

(16) In clause (jb) of Section 2 of the principal Act proposed to be inserted by Clause 2(i), the words "or under construction" shall be inserted between the words "constructed" and "across".

(17) In clause (jb) of Section 2 of the principal Act proposed to be inserted by Clause 2(i) insert the words "or store" in between the words "impound" and "or divert".

(24) After clause (jb) of Section 2 of the principal Act proposed to be inserted by Clause 2(i), add the following "(jc) "any other government" means the government of any state other than Kerala".

(27) Clause (ala) of Section 2 of the principal Act proposed to be inserted by Clause 2(ii) shall be recast as follows: "(ala) Scheduled dam means any dam included in the Second Schedule or any dam which be included in the Second schedule by notification published in the Gazette".

10-ാം നമ്പർ ഭേദഗതിയിൽ decree എന്നതിന്റെ കൂടെ 'has been granted' എന്ന് കൂട്ടിച്ചേർക്കണമെന്നതാണ് 2(ja). പ്രിൻസിപ്പൽ ആക്ടിൽനിന്നും ചില മാറ്റങ്ങൾ വരുത്തുകയാണ്. അതുകൊണ്ട് ഇതുകൂടെ ചേർക്കേണ്ടതുണ്ട്. കാരണം, 'made before or after the independence of India' എന്ന് കൃത്യമായി

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നതുകൊണ്ട് has been granted എന്നുകൂടെ ചേർക്കുന്നതായിരിക്കും നല്ലത്. അത് ബഹുമാനപ്പെട്ട മന്ത്രിക്ക് സ്വീകരിക്കാവുന്ന കാര്യമാണെന്നാണ് തോന്നുന്നത്. 16-ാം നമ്പർ ഭേദഗതിയിൽ ഡാമുകളെ സംബന്ധിച്ച് വിശദമായി ഡിഫൈൻ ചെയ്തിട്ടുണ്ട്. ഡാം സേഫ്റ്റി അതോറിറ്റിയുടെ അധികാരപരിധിയിൽ കേരളത്തിലെ എല്ലാ ഡാമുകളെയും ഉൾപ്പെടുത്തിയിരിക്കുകയാണ്. പണികഴിഞ്ഞ ഡാമുകളിൽ മാത്രമാണ് ഇപ്പോൾ ബാധകമാക്കിയിട്ടുള്ളത്. ഇതിൽ ഒരു ഷെഡ്യൂളിനകത്ത് 10 ഡാമുകളുടെ ഉയരത്തെ സംബന്ധിച്ച് സ്പെസിഫിക്കായി പറയുന്നുണ്ട്. ഭാവിയിൽ ഇവയെല്ലാം ഡാം സേഫ്റ്റി അതോറിറ്റിയുടെ പരിധിക്കകത്ത് വരേണ്ടതാണെന്ന് എനിക്ക് തോന്നുന്നു. ഇപ്പോൾ പണി നടന്നുകൊണ്ടിരിക്കുന്നതും ഈയിടെ പണിപൂർത്തിയായതുമായ ചില ഡാമുകൾ ഉൾപ്പെടെയുള്ളവയുടെ നിർമ്മാണം സംബന്ധിച്ച് ചില തർക്കങ്ങളും പ്രശ്നങ്ങളുമൊക്കെയുണ്ട്. ഡിസൈൻ സംബന്ധിച്ച് പരിശോധിച്ചു കഴിഞ്ഞാൽ പത്തുപന്ത്രണ്ടോളം ഡാമുകൾ വരും. വൈദ്യുതി ഉൽപ്പാദനത്തിന്റെ പ്രശ്നം മാത്രമല്ല ഉള്ളത്. ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് പണിയുന്ന ഡാമുകൾക്കും ഈ പ്രശ്നങ്ങൾ വരികയാണ്. ക്ലോസ് 2-ൽ "constructed" എന്നാണ് പറഞ്ഞിരിക്കുന്നത്. അതോടൊപ്പം "or under construction" എന്ന വാചകംകൂടി കൂട്ടിച്ചേർത്താൽ ഡാം സേഫ്റ്റി അതോറിറ്റിയുടെ പരിധിക്കകത്ത് പണിതുകൊണ്ടിരിക്കുന്ന ഡാമുകളെക്കൂടി ഉൾപ്പെടുത്താൻ കഴിയും. അതിന്റെ എല്ലാം സേഫ്റ്റി പ്രധാനമാണ്. സംസ്ഥാനത്തിന്റെ ഉത്തമതാൽപ്പര്യം സംരക്ഷിക്കുന്ന ഒരു നിയമനിർമ്മാണം നടത്തുമ്പോൾ ഇതുകൂടി ഉൾപ്പെടുത്തുന്നത് നന്നായിരിക്കും. 17-ാം നമ്പർ ഭേദഗതിയിൽ ചില വാചകങ്ങൾ കൂട്ടിച്ചേർക്കണം എന്നത് മാത്രമാണുള്ളത്. 24-ാം നമ്പർ ഭേദഗതിയും അതുപോലെത്തന്നെ. 27-ാം നമ്പർ ഭേദഗതി സംബന്ധിച്ച് ഒരു വാചകം പറയാനുണ്ട്. ക്ലോസ് 2-ൽ ഈ ഭേദഗതിയിൽ പറയുംവിധത്തിൽ റീ-കാസ്റ്റ് ചെയ്യണമെന്ന ഭേദഗതിയാണ് ഞാൻ മൂവ് ചെയ്യാൻ ഉദ്ദേശിക്കുന്നത്. അതായിരിക്കും കുറച്ചുകൂടി നല്ലത്. "Scheduled dam means any dam included in the Second Schedule or any dam which be included in the Second schedule by notification published in the Gazette" എന്നു വേണം.

ഇപ്പോൾ പത്ത് ഡാമുകൾ മാത്രമേ അതിനകത്ത് പറഞ്ഞിട്ടുള്ളൂ. നമ്മൾ ഇപ്പോൾ ഒരു നിയമനിർമ്മാണം നടത്തുകയാണ്. ഗവൺമെന്റ് ഡാം സേഫ്റ്റി അതോറിറ്റിക്ക് ഒരു പുതിയ അധികാരം കൊടുക്കുമ്പോൾ, ഈ ഷെഡ്യൂളിൽ ഒരു പുതിയ ഡാം കൂടി കൂട്ടിച്ചേർക്കണം. അങ്ങനെ വരുമ്പോൾ നോട്ടിഫിക്കേഷനിലൂടെ അത് ചെയ്യാനുള്ള പ്രൊവിഷൻ definition clause-ൽ കൊടുത്താൽ ഭാവിയിലുണ്ടാകുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയും. മുല്ലപ്പെരിയാർ ഡാം മാത്രം കണക്കിലെടുത്ത് ഒരു ലെജിസ്ലേഷൻ നടത്തുന്നത് ഉചിതമല്ല. സംസ്ഥാനത്തിന്റെ താൽപ്പര്യം എടുത്തു പറയുമ്പോൾ മറ്റനേകം ഡാമുകളുടെ സുരക്ഷ കൂടി കണക്കിലെടുക്കേണ്ടതുണ്ട്.

Shri P. J. Joy: Sir, I move the following amendments:

(11) In clause (ja) of Section 2 of the principal Act proposed to be inserted by Clause 2(i), for "has been granted the rights" substitute "has been allowed".

LIBRARY ARCHIVES Kerala Legislative Assembly

(22) In clause (jb) of Section 2 of the principal Act proposed to be inserted by Clause 2(i), for "any other purpose" substitute "generation of electricity".

(23) In clause (jb) of Section 2 of the principal Act proposed to be inserted by Clause 2(i), for the words "unless repugnant to the context" substitute "unless the context otherwise requires".

Shri M. M. Hassan: Sir, I move the following amendment:

(12) In clause (ja) of Section 2 of the principal Act proposed to be inserted by Clause 2(i), for "has been granted the right" substitute "has been permitted".

Shri A. C. Shanmughadas: Sir, I move the following amendment:

(14) In clause (ja) of Section 2 of the principal Act proposed to be inserted by Clause 2(i), after "operating any dam" insert "for the supply and distribution of water for irrigation and for generating electricity".

Shri P. Jayarajan: Sir, I move the following amendment:

(18) In clause (jb) of Section 2 of the principal Act proposed to be inserted by Clause 2(i), insert the words "or for the generation of electricity or" in between the words "for irrigation" and "drinking water supply".

സെക്ഷൻ 2 ക്ലാസ് (jb) 'for generation' എന്നതിനും 'drinking water supply' എന്നതിനുമിടയിൽ "or for the generation of electricity or" എന്നുകൂടി ഉൾപ്പെടുത്തണമെന്നുള്ളതാണ് എന്റെ ഭേദഗതി.

Shri M. Prakashan Master: Sir, I move the following amendment:

(26) Clause (ala) of Section 2 of the principal Act proposed to be inserted by Clause 2(ii) shall be recast as follows: "(ala) Scheduled dam means any dam which was built after 1960".

ഷെഡ്യൂൾഡ് ഡാം എന്നുപറയുന്നതിൽ 1960-ന് മുൻപ് നിർമ്മിക്കപ്പെട്ട എല്ലാ ഡാമുകളും ഉൾപ്പെടുത്തണമെന്നുള്ളതാണ് എന്റെ 26-ാമത്തെ ഭേദഗതി. ഇതിന് സമാനമായിട്ടുള്ള ക്ലാസ് 9-ലെ നിർദ്ദേശമാണ് 129-ാം നമ്പർ ഭേദഗതി കൊണ്ടുദ്ദേശിക്കുന്നത്. അതുപോലെതന്നെ അതോറിറ്റിയുടെ ചുമതലകളിൽ നിലവിലുള്ള ഡാമുകളുടെ സ്റ്റോറേജ് കപ്പാസിറ്റി പരിശോധിക്കാനും അതിന് മാക്സിമം ലെവൽ ഫിക്സ് ചെയ്യാനുമുള്ള കമ്മീഷൻ നിശ്ചയിക്കാൻ അധികാരം വേണമെന്ന് ഉദ്ദേശിക്കുന്നതാണ് 107-ാം നമ്പർ ഭേദഗതി.

LIBRARY ARCHIVES Kerala Legislative Assembly

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്നഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല. അതിന്റെ കാരണങ്ങൾ പലതാണ്. സമയമില്ലാത്തതു കൊണ്ട് വിശദമായി പറയുന്നില്ല. ചെയർ അനുവദിക്കുകയാണെങ്കിൽ ഓരോ വാക്കിൽ മറുപടി പറയാം. ബലക്ഷയമുള്ള ഡാമുകളെ കണ്ടെത്താൻ പോവുകയാണ്. കൺസ്ട്രക്റ്റ് ചെയ്തുകൊണ്ടിരിക്കുമ്പോൾ കൺസ്ട്രക്ഷനകത്തുള്ള തകരാർ പരിഹരിക്കുന്നതിന് വേറെ നിയമമുണ്ട്. ആ നിയമമനുസരിച്ച് ഇത് പരിശോധിക്കാനുള്ള വ്യവസ്ഥയുണ്ട്. അതിന് പോകേണ്ടത് വേറെ വഴിയാണ്. ഡാം സേഫ്റ്റി അതോറിറ്റി എന്നുപറയുന്നത് ദുർബലമായ ഡാമുകളുടെ പരിപാലനത്തിനു വേണ്ടിയാണ്. രണ്ടും രണ്ടാണ്. അതാണ് പ്രശ്നം.....(ബഹളം).....ഒഫിഷ്യൽ അമെന്റുമെന്റിനകത്ത് 'or any dam which may be notified by the Government from time to time as a Scheduled dam' എന്ന് വരുന്നുണ്ട്, ഒഫിഷ്യൽ അമെന്റുമെന്റ് സർക്കുലേറ്റ് ചെയ്തിട്ടുണ്ട്.

മന്ത്രി അവതരിപ്പിച്ച ഒഫിഷ്യൽ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 9-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 10, 16, 17, 24, 27 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. ജെ. ജോയി അവതരിപ്പിച്ച 11, 22, 23 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എം. എം. ഹസ്സൻ അവതരിപ്പിച്ച 12-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എ. സി. ഷൺമുഖദാസ് അവതരിപ്പിച്ച 14-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച 18-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ അവതരിപ്പിച്ച 26-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേഗദതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

LIBRARY ARCHIVES Kerala Legislative Assembly

3-ാം വകുപ്പ്

Water Resources and Parliamentary Affairs Minister **(Shri Thiruvanchoor Radhakrishnan):** Sir, I move the following official amendment:

(30) In the title, the words and figures "In Section 57 of the principal Act", shall be inserted at the end.

(2) Sub-section (2) shall be re-numbered as sub-clause (3) and sub-clause (3) shall be re-numbered as sub-clause (2) and the said sub-clauses shall be re-arranged accordingly.

അത് നമ്പറിംഗിനെ സംബന്ധിച്ചുള്ള കാര്യമാണ്, വിശദീകരിക്കേണ്ട കാര്യമില്ല. ഭേദഗതി സർക്കുലേറ്റ് ചെയ്തിട്ടുണ്ട്.

Shri K. C. Joseph: Sir, I move the following amendment:

(31) In Section 57 of the principal Act proposed to be substituted by Clause 3(i), for the words "Surveillance, inspection and advice" the words "advising on the safety and security or the" shall be substituted.

Shri K. P. Mohanan: Sir, I move the following amendment:

(32) In Section 57 of the principal Act proposed to be substituted by Clause 3(i), for the words "ensuring the safety and security" the words "ensuring the safety, security and all stability" shall be substituted.

'Ensuring the safety and security' എന്ന് മാത്രമേ പറയുന്നുള്ളൂ. 'all stability' എന്നുകൂടിവേണം. അതാണ് ഇപ്പോഴത്തെ തകരാർ. സ്റ്റെബിലിറ്റിയുടെ കുറവുണ്ട്.

Shri P. Jayarajan: Sir, I move the following amendment:

(33) In Section 57 of the principal Act after the words "Surveillance, inspection" the words "to ensure the safety and security" shall be added.

Shri E. M. Augusthy: Sir, I move the following amendments:

(34) In Section 57 of the principal Act proposed to be amended by Clause 3(i) the number 57 appearing at the beginning of new sub-section (3) shall be deleted.

LIBRARY ARCHIVES Kerala Legislative Assembly

(35) In Section 57 of the principal Act proposed to be amended by Clause 3(i) the existing sub-clause (2) shall be re-numbered as sub-clause (3) and the existing sub-clause (3) shall be re-numbered as sub-clause (2) and their sequence shall be changed accordingly.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്നഭ്യർത്ഥിക്കുന്നു. ശ്രീ. ഇ. എം. അഗസ്തി അവതരിപ്പിച്ച 34-ാം നമ്പർ ഭേദഗതി സ്വീകാര്യമാണ്. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. ഇ. എം. അഗസ്തി അവതരിപ്പിച്ച 34-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. ഇ. എം. അഗസ്തി അവതരിപ്പിച്ച 35-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 31-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. പി. മോഹനൻ അവതരിപ്പിച്ച 32-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച 33-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

4-ാം വകുപ്പ്

Water Resources and Parliamentary Affairs Minister **(Shri Thiruvanchoor Radhakrishnan):** Sir, I move the following official amendment:

(37) Clause 4 shall be omitted.

Shri C. K. Nanu: Sir, I move the following amendment:

(38) Section 58(k) of the principal Act proposed to be inserted by clause 4 shall be recast as follows:—

"(k) the Secretary to Government, Environment Department".

മുല്ലപ്പെരിയാർ ഡാമിന്റെ പ്രശ്നത്തിൽ 136 അടിയാക്കിയ ശേഷം അവിടെ വളർന്നുവന്ന ചെടികളെ സംബന്ധിച്ചും അതുപോലെ മരങ്ങളെ സംബന്ധിച്ചുമൊക്കെയുള്ള

LIBRARY ARCHIVES Kerala Legislative Assembly

വസ്തുതകൾ കോടതിയെ ബോദ്ധ്യപ്പെടുത്തുന്ന കാര്യത്തിൽ വേണ്ടപോലെ ശ്രമിക്കാൻ സാധിച്ചില്ല എന്ന് പത്രത്തിൽ വാർത്ത വന്നിട്ടുണ്ട്. പാരിസ്ഥിതിക പ്രശ്നങ്ങളെ സംബന്ധിച്ച് ഒരു എക്സ്പെർട്ട് ഈ കമ്മിറ്റിയിലുണ്ടെങ്കിൽ അതനുസരിച്ച് സമയാസമയങ്ങളിൽ അത് ബോധ്യപ്പെടുത്താൻ സാധിക്കുന്നതാണ്. അതുകൊണ്ട് കമ്മിറ്റിയിൽ അതിന് ചുമതലയുള്ള സെക്രട്ടറിയെക്കൂടി ഉൾപ്പെടുത്തണം.

Shri K. P. Rajendran: Sir, I move the following amendment:

(39) Section 58(k) of the principal Act proposed to be amended by clause 4 shall be recast as follows:—

"(k) An advisory committee may be constituted with experts to provide technical advice to the Dam Safety Committe".

ഈ കമ്മിറ്റിയിൽ ഗവൺമെന്റ് രണ്ട് പേർ എന്നുള്ളത് പിൻവലിച്ചത് സാങ്കേതിക മായ തടസ്സങ്ങൾ ഉള്ളതുകൊണ്ടാണെന്ന് പറഞ്ഞു. പക്ഷേ ഒരു പ്രധാന വിഷയം ഉണ്ട്. യഥാസമയം നല്ല അഡ്വൈസ് കിട്ടുന്നതിൽ വരുന്ന താമസം, ഗവൺമെന്റിന് വേണ്ട ഉപദേശങ്ങളും ശരിയായ നിർദ്ദേശങ്ങളും കിട്ടുന്നതിലുള്ള വീഴ്ചകൾ എന്നിവ വളരെ പ്രധാനമാണ്. ഡാം സേഫ്റ്റി അതോറിറ്റി എത്ര പ്രധാനപ്പെട്ട അതോറിറ്റി യാണെങ്കിലും ലോകത്ത് വരുന്ന മാറ്റങ്ങൾക്ക് അനുബന്ധമായി വരുന്ന കാര്യങ്ങളെ കുറിച്ച് പഠിക്കാനും സർക്കാരിനെ കാലാകാലങ്ങളിൽ ഉപദേശിക്കാനും ഈ അതോറിറ്റിക്ക് തന്നെ നല്ല അഡ്വൈസ് കൊടുക്കാനും കഴിയുന്ന ഒരു അഡ്വൈസറി കമ്മിറ്റിയുണ്ടാവണം. ഡാം സേഫ്റ്റി അതോറിറ്റിയെ സഹായിക്കാൻ ഒരു അഡ്വൈസറി കമ്മിറ്റി രൂപീകരിക്കണമെന്നതാണ് എന്റെ ഭേദഗതി.

Shri K. P. Mohanan: Sir, I move the following amendment:

(40) Section 58(k) of the principal Act proposed to be inserted by clause 4 shall be recast as follows:—

"(k) the Principal Secretary, Science and Technology Department".

ഈ ബിൽ തന്നെ പാസ്സാക്കുന്നത് സയൻസ് ആന്റ് ടെക്നോളജിയുടെ കുറവുള്ളതുകൊണ്ടാണ്. ഡാം പണിയുന്നതിലും പിന്നീടുള്ള കാര്യങ്ങളിലും അഡ്വൈസ് കൊടുക്കാൻവേണ്ടി സയൻസ് ആന്റ് ടെക്നോളജി ഡിപ്പാർട്ട്മെന്റിലെ ഒരു ഉയർന്ന ഉദ്യോഗസ്ഥൻ വേണമെന്നുള്ളതാണ് എന്റെ ഭേദഗതി.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്നഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. കെ. നാണു അവതരിപ്പിച്ച 38-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 39-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. പി. മോഹനൻ അവതരിപ്പിച്ച 40-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

4-ാം വകുപ്പ് നീക്കം ചെയ്തു.

5-ാം വകുപ്പ്

Water Resources and Parliamentary Affairs Minister **(Shri Thiruvanchoor Radhakrishnan):** Sir, I move the following official amendment:

(42) (1) In sub-clause (i), for the words, figures and brackets "59(1) and in section (1)" the words, figures and brackets "sub-section (1) of that section and in sub-section (1)" shall be substituted.

(2) In sub-clause (ii), the words and figures "of section 59" shall be omitted.

Shri T. K. Devakumar: Sir, I move the following amendment:

(44) In section 59(2) of the principal Act, proposed to be substituted by clause 5, the words "not be less than 50 per cent of the total" shall be substituted by the words "be two third of the total".

ഇതിൽ 2/3rd ആണ് നല്ലത്. അത് പരിശോധിക്കണം. കാരണം വളരെ പ്രധാനപ്പെട്ട തീരുമാനങ്ങളെടുക്കാനും ഗവൺമെന്റിനെ ശുപാർശ ചെയ്യാനും കഴിയുന്ന സമിതി എന്നുള്ള രീതിയിൽ 50 ശതമാനം എന്നുള്ളത് 2/3rd ആക്കുന്നത് ആയിരിക്കും നല്ലത്. അത് ഗൗരവമായി പരിശോധിക്കണം.

Shri P. T. Thomas: Sir, I move the following amendment:

(45) In section 59(2) of the principal Act, proposed to be substituted by clause 5, (i) "50 per cent" shall be substituted "fifty per cent".

(ii) "50 per cent" shall be substituted "50%".

Shri M. V. Jayarajan: Sir, I move the following amendment:

LIBRARY ARCHIVES Kerala Legislative Assembly

(46) In section 59(2) of the principal Act, proposed to be amended by clause 5(2) shall be recast as follows:—

"(2) The quorum of the meeting of the authority shall be 8 (eight)".

ഇത് കോറത്തിനെ സംബന്ധിച്ചുള്ളതാണ്. "The quorum of the meeting of the authority shall be 8 (eight)" എന്നായിട്ട് പ്രിൻസിപ്പൽ ആക്ടിന്റെ 59(2)-ന്റെ കൂടെ റീകാസ്റ്റ് ചെയ്യണമെന്നുള്ളതാണ്.

Shri P. Jayarajan: Sir, I move the following amendment:

(47) In section 59(2) of the principal Act, proposed to be amended by clause 5(2) shall be recast as follows:—

"(2) The quorum of the meeting of the authority shall be 10 (ten)".

Shri T. M. Jacob: Sir, I move the following amendment:

(49) After section 59(2) of the principal Act, proposed to be inserted by clause 5, add the following sub-section (3). "(3) The term of office and other condition of service of the Chairman of the Authority shall be the same as that of the LOK AYUKTA (Kerala)".

നേരത്തെ മന്ത്രി കൊണ്ടുവന്ന ഔദ്യോഗിക ഭേദഗതി പ്രകാരം ക്ലാസ് 4 പോയിട്ടുണ്ട്. അത് സെക്ഷൻ 58-നുള്ള ഒരു ഓപ്പണിംഗ് ആയിരുന്നു. ഇപ്പോൾ അതിനു പകരമായിട്ടാണ് ക്ലാസ് 5-ൽ പ്രൊപ്പോസ് ചെയ്തിരിക്കുന്നത്. ഇത് പറയാൻ കാരണം മൂലനിയമത്തിലെ സെക്ഷൻ 58 സബ് ക്ലാസ് 3-ൽ പറയുന്നത് "the term of office and other conditions of service of the members shall be such as may be prescribed" എന്നാണ്. മെമ്പേഴ്സിനെ സംബന്ധിച്ചാണ് പറയുന്നത്. ചെയർമാനെക്കുറിച്ച് പറയുന്നില്ല. ചെയർമാനെ സംബന്ധിച്ചുള്ള ഒരു കാര്യം നിയമത്തിന്റെ ഭാഗമാക്കി മാറ്റണമെന്നാണ് ഞാൻ നിർദ്ദേശിച്ചിരിക്കുന്നത്. 'The term of office and other condition of service of the Chairman of the Authority shall be the same as that of the LOK AYUKTA (Kerala)' എന്നാണ് ഞാൻ പറഞ്ഞിരിക്കുന്നത് അത് പറഞ്ഞില്ലെങ്കിൽ ചെയർമാന്റെ കാര്യത്തിൽ അനിശ്ചിതത്വം നിലനിൽക്കും 58(3) അനുസരിച്ച് കൃത്യമായി പറയാനും കഴിയുകയില്ല. ഈ സാഹചര്യം ഉള്ളതുകൊണ്ട് ഇത് ആക്ടിന്റെ ഭാഗമാക്കി മാറ്റണം. 58-ലാണ് അത് വേണ്ടത്. പക്ഷേ 58 ഓപ്പൺ അല്ലാത്തതുകൊണ്ടാണ് 59-ൽ പ്രൊപ്പോസ് ചെയ്യുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ.): ഇതിൽ ശ്രീ. ടി. എം. ജേക്കബ് സൂചിപ്പിച്ച ലോകായുക്തയുടെ ഘടനയും നമ്മൾ ഇപ്പോൾ നോമിനേറ്റ് ചെയ്യുന്ന സമിതി/അതോറിറ്റിയുടെ ഘടനയും രണ്ടും രണ്ടാണ്. ഒന്ന് ഗവർണ്ണർ നോമിനേറ്റ് ചെയ്യുന്ന ജുഡീഷ്യൽ മെമ്പേഴ്സാണ് ലോകായുക്തയിൽ വരുന്നത്. അതുകൊണ്ട് സ്വാഭാവികമായി അതിന് സ്പെഷ്യൽ സ്റ്റാറ്റസ് ഉണ്ടാകും. റിട്ടയേർഡ് ജഡ്ജ് ആണ് ചെയർമാനായി വരുന്നത് എന്നുള്ളതു കൊണ്ട് ചെയർമാന്റെ കാര്യത്തിൽ അനിശ്ചിതത്വം വരില്ല. ബാക്കിയുള്ളവരുടെ പ്രായത്തെക്കുറിച്ച് പറയുന്നുണ്ട്. ചെയർമാന്റെ പ്രായം വ്യത്യസ്തമായി വരുകയും ചെയ്യും. അതുകൊണ്ട് ഇപ്പോഴത്തെ ഘടനയിൽ മറ്റ് കാര്യങ്ങളെക്കുറിച്ചൊന്നും ആലോചിക്കേണ്ട.

ശ്രീ. ടി. എം. ജേക്കബ്: ക്ലാസ് 58 സബ് ക്ലാസ് 3-ൽ മെമ്പേഴ്സിന്റെ കാര്യമാണ് പറയുന്നത്. ചെയർമാന്റെ കാര്യം പറയുന്നില്ല. ചെയർമാൻ ലോകായുക്തയെക്കുറിച്ച് പറഞ്ഞു. യോകായുക്തയിൽ ഒന്നുകിൽ സുപ്രീം കോടതിയിലെ റിട്ടയേർഡ് ജഡ്ജ് അല്ലെങ്കിൽ ഹൈക്കോടതിയിലെ റിട്ടയേർഡ് ചീഫ് ജസ്റ്റിസ് എന്നാണ് പറയുന്നത്. ഉപ-ലോകായുക്തയിൽ റിട്ടയേർഡ് ഹൈക്കോർട്ട് ജഡ്ജസ് അല്ലെങ്കിൽ സിറ്റിംഗ് ജഡ്ജസ് എന്നാണ്. അത് ജുഡീഷ്യൽ ഫോറമാണ്. ഡാം സേഫ്റ്റി അതോറിറ്റിയുടെ ചെയർമാനെക്കുറിച്ച് മൂലനിയമത്തിൽ പറയുന്നത് റിട്ടയേർഡ് ഹൈക്കോർട്ട് ജഡ്ജ് ആയിരിക്കണമെന്നാണ്. അത് ജുഡീഷ്യൽ കപ്പാസിറ്റിയുള്ള ഒരു വ്യക്തി തന്നെയാണ്. അദ്ദേഹത്തിന് കൊടുക്കുന്ന സ്റ്റാറ്റസിനെ സംബന്ധിച്ചിടത്തോളം ഇപ്പോൾ ഒരുപാട് പവേഴ്സ് കൊടുത്തിട്ടുണ്ട്. മൂലനിയമം ഉണ്ടാക്കിയപ്പോഴുള്ള സ്ഥിതിയല്ല. ഗവൺമെന്റ് പറയാതെതന്നെ അവർക്ക് സുവോമോട്ടോ ആക്ഷൻ എടുക്കുവാനും മറ്റുമുള്ള എല്ലാ പവേഴ്സും കൊടുത്തിരിക്കുന്ന സാഹചര്യത്തിൽ ചെയർമാനെ സംബന്ധിച്ച് ആക്ടിൽ പറയുന്നതിൽ തെറ്റില്ല എന്നാണ് എനിക്ക് തോന്നുന്നത്. അല്ലെങ്കിൽ ഇത് എന്തുകൊണ്ടാണ്, അത് എങ്ങനെ കൊടുക്കുമെന്ന് മന്ത്രി വിശദീകരിക്കണം.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): നേരത്തെതന്നെ 'as may be prescribed in the rules' എന്നു പറഞ്ഞിട്ടുണ്ട്. അപ്പോൾ ഇതിന്റെ വ്യവസ്ഥ അനുസരിച്ച് അപ്പോയിന്റ് ചെയ്യപ്പെടുന്ന വ്യക്തിയാണ് ചെയർമാൻ. സ്വാഭാവികമായിട്ടും ചെയർമാനുള്ള വ്യവസ്ഥകളെ സംബന്ധിച്ച് ഇതിനകത്ത് പ്രത്യേകം പറഞ്ഞിട്ടുണ്ടാകും. അതുകൊണ്ട് ഇവിടെ പറയേണ്ട കാര്യമില്ല. മാത്രമല്ല, ജുഡീഷ്യൽ ഫോറത്തിനകത്തുനിന്ന് വരുന്ന ആളുകൾ അപ്പോയിന്റു ചെയ്ത് വരുന്ന റൂട്ട് വേറെയായിരിക്കേ അതും ഇതും തമ്മിൽ ബന്ധിപ്പിക്കുന്നത് ശരിയല്ല എന്നുള്ളതാണ് ഡിപ്പാർട്ടുമെന്റിൽനിന്ന് എനിക്കു കിട്ടിയ ഫീഡ് ബാക്ക്. അതുകൊണ്ട് ഇത് ഇപ്പോൾ പ്രസ്സ് ചെയ്യരുത്. ഒഫിഷ്യൽ ഭേദഗതി അംഗീകരിക്കണമെന്നഭ്യർത്ഥിക്കുന്നു. ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 45-ാം നമ്പർ ഭേദഗതി സ്വീകാര്യമാണ്. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 45-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. ടി. കെ. ദേവകുമാർ അവതരിപ്പിച്ച 44-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 46-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച 47-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ടി. എം. ജേക്കബ് അവതരിപ്പിച്ച 49-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

6-ാം വകുപ്പ്

Water Resources and Parliamentary Affairs Minister **(Shri Thiruvanchoor Radhakrishnan):** Sir, I move the following official amendment:

(52) In item (h) of sub-section (1) of Section 62 proposed to be substituted, the words "catchment area" shall be omitted.

Shri P. J. Joy: Sir, I move the following amendments:

(53) In Section 62(1) (a) of the principal Act, proposed to be substituted by Clause 6, after the words "seismic factors" add "the pressure of the impounded water".

(66) In Section 62(1) (f) of the principal Act, proposed to be substituted by Clause 6, (1) delete "Government".

(2) for "Government" substitute "State Government".

(76) In Section 62(1) (j) of the principal Act, proposed to be substituted by Clause 6, delete the word "official".

(82) Add the following at the end of Section 62(4) of the principal Act, proposed to be substituted by clause 6, "within the stipulated period or as the case may be within the period extended by the authority in this behalf".

(86) In Section 62(5) of the principal Act, proposed to be amended by Clause 6 "on that behalf" add "together with service charges and interest as may be prescribed".

LIBRARY ARCHIVES Kerala Legislative Assembly

Shri K. C. Joseph: Sir, I move the following amendments:

(54) In Section 62(1) (a) of the principal Act, proposed to be substituted by Clause 6, for the words "degradation caused over time" substitute the words "degradation caused by the efflux of time".

(68) In Section 62(1) (f) of the principal Act proposed to be substituted by Clause 6,

(1) for the words "site investigation" substitute "site inspection, investigation"

(2) after "operation" add "repair".

(77) (1) After Section 62(1) of the principal Act proposed to be substituted in Clause 6, add the following as sub-section (2) and re-number the remaining sub-sections accordingly:—

"(2) The direction or advice of the authority shall be binding on the custodian or the agency to whom it is given".

Shri T. K. Devakumar: Sir, I move the following amendment:

(55) At the end of Section 62(1)(a) of the principal Act proposed to be substituted by Clause 6, add the following words namely:—

"or otherwise".

Shri M. V. Jayarajan: Sir, I move the following amendments:

(56) After Section 62(1)(a), add the following as a new Sub-section namely:—

"(aa) to appoint such officers as may be necessary in the dam site to monitor the water level of the dam".

(59) After Section 62(1)(b) of the principal Act proposed to be substituted by Clause 6, add the following namely:—

"(bb) to conduct inspection of the dam immediately after occurrence of earthquake or any natural disaster".

(74) After Section 62(1)(h) of the principal Act proposed to be substituted by Clause 6, add the following namely:—

"(ha) to seek the help of experts in the field of evaluation of dam safety".

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട മന്ത്രി ഔദ്യോഗികമായി കൊണ്ടുവന്നിട്ടുള്ള ഭേദഗതി ക്യാച്ച്മെന്റ് ഏരിയ ഒഴിവാക്കുക എന്നുള്ളതാണ്. പ്രിൻസിപ്പൽ ആക്ടിലെ 62-ൽ കൊണ്ടുവരുന്ന ക്ലാസ് 6, functions of Authority-യെ സംബന്ധിച്ചാണ്. അതിൽ 'reservoir or catchment area എന്നുള്ളതാണ് നിലവിൽ ഇപ്പോൾ കൊണ്ടുവന്നിട്ടുള്ള ബില്ലിൽ ഉള്ളത്. ക്യാച്ച്മെന്റ് ഏരിയ ഒഴിവാക്കേണ്ട കാര്യം എന്താണെന്ന് വ്യക്തമാക്കിയിട്ടില്ല. യഥാർത്ഥത്തിൽ അത് ഒഴിവാക്കുന്നത് കൂടുതൽ കുഴപ്പം ഉണ്ടാക്കുകയല്ലേ ചെയ്യുക? റിസർവോയർ എന്നു മാത്രം മതിയോ? ഡാമിന്റെ സമീപ പ്രദേശങ്ങൾ, അതിന്റെ പദ്ധതി പ്രദേശം എന്നെല്ലാം പറയുന്നത് ഡാം സേഫ്റ്റി അതോറിറ്റിയുടെ അധികാരപരിധിയിൽ ഉൾപ്പെടുത്തണം. അങ്ങ് മറുപടി പറയുമ്പോൾ അത് വ്യക്തമാക്കണം. എന്റെ ബലമായ സംശയം അത് ഒഴിവാക്കിയാൽ കൂടുതൽ ആശയക്കുഴപ്പം ഉണ്ടാകുമെന്നാണ്.

എന്റെ 58-ാം നമ്പർ ഭേദഗതിയിൽ അതോറിറ്റിയുടെ ഫങ്ഷനെ സംബന്ധിച്ച് വ്യക്തമായി പറയുന്നുണ്ട്. പ്രധാനമായി അവിടത്തെ ഒരു പ്രശ്നം, ഡാം സ്ഥിതി ചെയ്യുന്ന ഭൂപ്രദേശം കേരളത്തിന്റെതാണ് എന്നുള്ളതാണ്. ആ ഭൂപ്രദേശത്താണ് അന്ന് കരാർ ഉണ്ടാക്കിയതിന്റെ ഫലമായി തമിഴ്നാട് ഓഫീസ് ഫങ്ഷൻ ചെയ്യുന്നത്. ആ ഓഫീസ് ഫങ്ഷൻ ചെയ്യുന്നത് നമ്മുടെ ഭൂമിയിലാണ്. നമ്മൾ എന്തൊക്കെ പറഞ്ഞാലും അവിടെ പോകുന്നതിനുവേണ്ടി പ്രത്യേകമായ ഓഫീസ് സംവിധാനം ഉണ്ടാക്കിയാലും അവർക്ക് ഫൈബർ ബോട്ട് കൊടുത്താലും അവിടെ ആരും പോകുന്നില്ല. അതൊരു യാഥാർത്ഥ്യമാണ്. അവിടെ നമ്മളാരും നോക്കുന്നില്ല. ജനുവരി മാസത്തിൽ വലിയ ഒരു വിവാദം ഉയർന്നുവന്നു. വെള്ളം 140 അടിയായി ഉയർത്തി, ഷട്ടർ ഒന്ന് തുറന്നു, 136 അടിയിൽക്കൂടുതൽ വെള്ളമുണ്ടെങ്കിൽ ഒഴുകി ഇടുക്കി ഡാമിൽ കിട്ടേണ്ടത് കിട്ടിയിട്ടില്ല എന്ന വിവാദം മാധ്യമങ്ങൾ വഴി വന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് "authority to appoint such officers as may be necessary in the dam site to monitor the water level of the dam" എന്നുള്ളത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഡാം സൈറ്റിൽത്തന്നെ ഈ അതോറിറ്റിയുടെ ഒരു ഓഫീസ് ഫങ്ഷൻ ചെയ്യണം. അതിനാവശ്യമായ ജീവനക്കാരെ അവിടെ നിയമിക്കണം. ഡാമിന്റെ ദൈനംദിന കാര്യങ്ങളിൽ ഡാം സേഫ്റ്റി അതോറിറ്റിക്ക് ഇടപെടാൻ കഴിയണമെങ്കിൽ ഡാം സൈറ്റിൽത്തന്നെ നമ്മുടെ ഉദ്യോഗസ്ഥരുണ്ടാകണം; അവിടെ നമ്മുടെ ഒരു ഓഫീസ് ഉണ്ടാകണം. അതുകൂടി ഫങ്ഷന്റെകൂടെ കൂട്ടിച്ചേർക്കേണ്ടതാണ്. അത് വളരെ പ്രധാനപ്പെട്ടതാണെന്നാണ് എനിക്കു തോന്നുന്നത്. എന്റെ 59-ാം നമ്പർ ഭേദഗതി "to conduct inspection of the dam immediately after occurrence of earthquake or any natural disaster" എന്നുള്ളതാണ്. ശ്രീ. ടി. എം. ജേക്കബ് ഇന്നലെ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ സുപ്രീംകോടതി വിധിയുടെ വിശദാംശങ്ങൾ പറയുകയുണ്ടായി. സുപ്രീംകോടതി ഗൗരവമായ ഒരു കാര്യം പരിഗണിച്ചില്ല. പരിഗണിക്കാതിരിക്കുന്നത് അവിടെ earthquake ഉണ്ടായി എന്നുള്ളതും അതിന്റെ ഫലമായി ഡാമിന്റെ സേഫ്റ്റിയെ പ്രതികൂലമായി ബാധിച്ചു എന്നുള്ളതും കൊണ്ടാണ്. അത് എല്ലാവർക്കും അറിയാവുന്ന ഒരു

LIBRARY ARCHIVES Kerala Legislative Assembly

കാര്യമാണ്. അതൊന്നും പരിഗണിച്ചില്ല. നമ്മുടെ ഭാഗത്തുനിന്ന് വാദിക്കുവാൻ ചുമതലപ്പെടുത്തിയ വക്കീലന്മാർ അത് അവിടെ അവതരിപ്പിക്കാത്തതാണോ എന്ന സംശയം ഉയർന്നുവരുകയാണ്. ഇതിനുവേണ്ടി ചുമതലപ്പെടുത്തിയ എഞ്ചിനീയർ ശ്രീ. ശശി ഈ കാര്യങ്ങളൊക്കെ അവിടെ ബന്ധപ്പെട്ട അഭിഭാഷകരുടെ മുമ്പാകെ അവതരിപ്പിക്കുവാൻ വിട്ടുപോയതാണോ എന്നത് ഗൗരവമായ ഒരു വിഷയമാണ്. .....(ബഹളം).....ശ്രീ. വി. ഡി. സതീശൻ പറഞ്ഞാൽ മതി. അസഹിഷ്ണുത പ്രകടിപ്പിക്കുക എന്നുള്ളത് ശരിയാണ്. വഴക്കിടുകയാണെങ്കിൽ ഞാൻ ഇരിക്കാം. .....(ബഹളം)..... അറിഞ്ഞകാര്യങ്ങൾ പറഞ്ഞാൽ അത് മോശമായി തോന്നുന്നുവെങ്കിൽ ഞാൻ പ്രസംഗം നിർത്തിയേക്കാം. എന്താണ് സർ ചെയ്യേണ്ടത്?

മി. സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർ സംസാരിക്കണം.

ശ്രീ. എം. വി. ജയരാജൻ: സംസാരിക്കാം. Conduct inspection of the dam immediately after occurrence of earthquake or any natural disaster. എന്തെങ്കിലും പ്രകൃതിദുരന്തം ഉണ്ടായാൽ അത് സംബന്ധിച്ച് പരിശോധന നടത്താനുള്ള സംവിധാനംകൂടി നിങ്ങൾ ഏർപ്പെടുത്തുന്നില്ലെങ്കിൽ അത് അപകടത്തിലാകും എന്നതാണ് ഈ ഭേദഗതി കൊണ്ട് ഞാൻ ഉദ്ദേശിക്കുന്നത്. 74-ാം നമ്പർ ഭേദഗതിയിൽ വിദഗ്ദ്ധരുടെ അഭിപ്രായവും സഹായവുംകൂടി തേടാൻ കഴിയുന്നനിലയിൽ ഇത് ഡാം സേഫ്റ്റി അതോറിറ്റിയുടെ ഫങ്ഷനിംഗിൽ ഉൾപ്പെടുത്തണം എന്നുള്ളതാണ്.

Shri C. K. Nanu: Sir, I move the following amendments:

(57) Section 62(I)(b) of the principal Act, proposed to be substituted by clause 6 shall be recast as follows:—

"(b) to conduct periodical inspections of all the dams and sent the Inspection report to Government quarterly;".

(6I) In Section 62(1)(c) of the principal Act proposed to be substituted by Clause 6, shall be recast as follows:—

"(c) to advise immediately the Government on security measures to be adopted in respect of any dam considering vulnerability to terrorism, sabotage and the like."

മുല്ലപ്പെരിയാർ ഡാമിന്റെ കാര്യത്തിൽ സുപ്രീംകോടതിയിൽ ഈ പ്രശ്നം വന്നപ്പോൾ 136 അടിയിൽനിന്ന് ഉയർത്തിയാൽ ഡാമിന് എന്തെങ്കിലും അപകടം പറ്റും; ആ അപകടത്തിന്റെ ഫലമായി ലക്ഷക്കണക്കിന് ആളുകളുടെ ജീവന് ഭീഷണിയാവും; ഈ ഡാമിന് തകരാറ് സംഭവിച്ചാൽ ജനജീവിതത്തിന് ബുദ്ധിമുട്ടുണ്ടാകും; കൃഷിയെ

LIBRARY ARCHIVES Kerala Legislative Assembly

ബാധിക്കും; വീടുകൾ നശിക്കും എന്നിവ സംബന്ധിച്ച് വ്യക്തമായി കോടതിയെ ബോദ്ധ്യപ്പെടുത്തിയിട്ടില്ല എന്നാണ് വാർത്തകൾ വന്നത്. അതുകൊണ്ട് നമ്മൾ ഇതുസംബന്ധിച്ച് കമ്മിറ്റി ഉണ്ടാക്കുമ്പോൾ മൂന്ന് മാസത്തിൽ ഒരിക്കലെങ്കിലും ഇതിന്റെ പരിധിയിൽപ്പെട്ട ഡാമുകളുടെ സ്ഥിതി എന്താണെന്ന് പരിശോധിക്കേണ്ടതാണ്. എന്തെങ്കിലും പ്രശ്നങ്ങളുണ്ടെങ്കിൽ അതുസംബന്ധിച്ച് വസ്തുനിഷ്ഠമായ റിപ്പോർട്ട് ഗവൺമെന്റിന് നൽകണം. ഒരു കാരണവശാലും ഡാമുകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ ഗവൺമെന്റ് അറിയാത്ത ഒരു അവസ്ഥ ഉണ്ടാകരുത്. അതാണ് 57-ാം നമ്പർ ഭേദഗതി കൊണ്ട് ഞാൻ ഉദ്ദേശിച്ചത്.

പലതരത്തിലുള്ള പ്രശ്നങ്ങളും അട്ടിമറികളും ഉണ്ടാകുന്നതിനുള്ള എന്തെങ്കിലും സാദ്ധ്യതയുണ്ടെങ്കിൽ അത് സംബന്ധിച്ച് ഉടൻ ഗവൺമെന്റിനെ വിവരം അറിയിക്കാനുള്ള ബാദ്ധ്യതയെപ്പറ്റിയാണ് 61-ാമത്തെ ഭേദഗതിയിൽ പറയുന്നത്. കമ്മിറ്റി ഉണ്ടാക്കുന്നത് കേവലം അവർ മാത്രം പഠിച്ച് തീരുമാനമെടുത്ത് ഏതെങ്കിലും സമയത്ത് ഗവൺമെന്റിനെ അറിയിക്കാൻ ആകരുത്. ജനങ്ങളോട് ബാദ്ധ്യതയുള്ള ഗവൺമെന്റ് എന്ന നിലയിൽ കുറേക്കൂടി ജാഗ്രത പുലർത്താൻ ഗവൺമെന്റ് നിർബന്ധിതമായ സാഹചര്യത്തിലാണ് ഇത് പരിശോധിക്കാനുള്ള ഉത്തരവാദിത്വവും അധികാരങ്ങളും കൊടുത്തുകൊണ്ടുള്ള കമ്മിറ്റി ഉണ്ടാക്കുന്നത്. ആ കമ്മിറ്റി സ്വന്തമായി നടപടികൾ സ്വീകരിക്കുന്നത് ശരിയാണോ എന്നുള്ളതിന്റെ അടിസ്ഥാനത്തിലാണ് ഇതു രണ്ടും ചേർക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നത്.

Shri A. K. Moni: Sir, I move the following amendments:

(60) In Section 62(1)(c) of the principal Act, proposed to be substituted by Clause 6, for the words "Government" substitute "State Government".

(64) Add the following words at the end of section 62(1)(d) of the principal Act, proposed to be substituted by clause 6, "or fauna and flora in the surrounding forests".

Shri P. T. Thomas: Sir, I move the following amendment:

(65) In Section 62(1)(e) of the principal Act, proposed to be substituted by Clause 6, delete the words "to take measures".

Shri P. Jayarajan: Sir, I move the following amendments:

(70) After section 62(1)(g) of the principal Act, proposed to be substituted by clause 6, add the following namely:—

"(ga) To monitor the leakage of water in any dam".

LIBRARY ARCHIVES Kerala Legislative Assembly

(73) After section 62(1)(h) of the principal Act proposed to be substituted by clause 6 add the following as Sub-section (ha) "(ha) To open such offices as may be necessary in the dam site for the continuous monitoring of the construction, alteration or any other works done by the custodian or any agency and to monitor the water level of the dam".

73-ാം നമ്പർ ഭേദഗതിയിൽ നേരത്തെ ശ്രീ. എം. വി. ജയരാജൻ ഇവിടെ പറഞ്ഞ കാര്യമാണ്. 6-ാം വകുപ്പിന് പകരമായി 62(1)(h) അതിൽ (ha) ആയി "(ha) To open such offices as may be necessary in the dam site for the continuous monitoring of the construction, alteration or any other works done by the custodian or any agency and to monitor the water level of the dam" എന്ന് ചേർക്കണം. 2001 ഫെബ്രുവരിയിൽ നിയമസഭാ സബ്ജക്ട് കമ്മിറ്റി മുല്ലപ്പെരിയാർ ഡാം സന്ദർശിച്ചപ്പോൾ അവിടെ ലീക്കേജ് ഉൾപ്പെടെയുള്ള കാര്യങ്ങൾ ദൈനംദിനം പരിശോധിക്കാൻ ഓഫീസ് സൗകര്യം ഇല്ലെന്നുള്ള കാര്യം ഉദ്യോഗസ്ഥർ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. സമിതിയുടെ റിപ്പോർട്ടിൽത്തന്നെ അത് ഉൾപ്പെടുത്തിയിട്ടുണ്ട്. അതോറിറ്റി എന്നു പറയുന്നത് ഏതെങ്കിലും പ്രധാനപ്പെട്ട ജില്ലാ ആസ്ഥാനത്തോ മറ്റോ ആയിരിക്കും. അതിനുപകരം ഡാം സൈറ്റിൽ തന്നെ ഓഫീസ് പ്രവർത്തിച്ചാൽ മാത്രമേ ദൈനംദിനം വരുന്ന മാറ്റങ്ങൾ പരിശോധിക്കാനും അതിനനുസരിച്ച് നടപടികൾ സ്വീകരിക്കാനും കഴിയുകയുള്ളൂ. അതുകൊണ്ട് ഇത് സ്വീകരിക്കാവുന്ന ഭേദഗതിയാണ്.

Shri K. P. Rajendran: Sir, I move the following amendments:

(72) In section 62(I)(h) of the principal Act proposed to be substituted by clause 6 add the following after the words "catchment area" namely:— "to get expert opinion of International repute, and provide advise by dam-break analysis and independent study".

(75) After Section 62(1)(i) of the principal Act proposed to be substituted by clause 6 add the following as (j) and re-number accordingly:—

(j) Detailed study may be done as to the forest land that may fall under water if the level of water resources be elevated in the Dams, environmental value be determined and directions be given to prevent loss of forest land by new environment protection laws.

(87) At the end of Section 62(5) of the principal Act, proposed to be substituted by Clause 6 add the following "To take over custody, protection and control of the Dam."

LIBRARY. ARCHIVES Kerala Legislative Assembly

(88) After section 62(5) of the principal Act, proposed to be substituted by clause 6 add the following as new sub-section 6:—

"(6) considering the age of structure and security of the Dam and the life and security of the people surrounding the area and to protect the bio-wealth and forest conservation the water levels should not exceed 136 ft."

Dam-break analysis അങ്ങനെ ഒന്ന് നടത്തേണ്ടതല്ലേ?

Shri T. M. Jacob: Sir, I move the following amendment:

(78) Section 62(2) of the principal Act proposed to be substituted by clause 6, shall be recast as follows:—

(2) As soon as may be or within the time specified by the Authority after the receipt of the advice or recommendation under sub-section (1) the custodian or any other agency to whom it is addressed by the Authority shall act then on and take action in accordance with such advice or recommendation.

ഈ ഭേദഗതി ഗവൺമെന്റ് അക്സെപ്റ്റ് ചെയ്യണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കാരണം നമ്മൾ കൊണ്ടുവന്നിരിക്കുന്ന ബില്ലിൽ പറഞ്ഞിരിക്കുന്നത് "As soon as may be after the receipt of any advice or recommendation under sub-section (1) the custodian, or any other agency to whom it is addressed by the Authority,.....അവിടെ വരെ പ്രശ്നമൊന്നുമില്ല.....shall consider the advice or recommendation and report to the Authority, what action, if any, is proposed to be taken on its advice or recommendation. അപ്പോൾ ഇവിടെയും പറയുന്നത് shall consider the advice or recommendation എന്നാണ്. 'shall' എന്ന വാക്ക് തന്നെയാണ് ഉപയോഗിച്ചത്. 'may' അല്ല. അവർ അറിയിക്കണമെന്നുള്ളതാണ്. ഞാൻ പറഞ്ഞിരിക്കുന്നത് "As soon as may be or within the time specified by the Authority after the receipt of the advice or recommendation under sub-section(1) the custodian or any other agency to whom it is addressed by the Authority shall act thereon and take action in accordance with such advice or recommendation എന്നാണ്.

'then on' എന്നാണ് അമെന്റുമെന്റിൽ അടിച്ചിരിക്കുന്നത്. അത് തെറ്റാണ്. 'thereon' എന്ന് കറക്ട് ചെയ്യണം. ആക്ഷൻ എടുക്കണമെന്നു തന്നെയാണ് പറഞ്ഞിരിക്കുന്നത്. മൂലനിയമത്തിലും shall act എന്നുള്ള വാക്ക് തന്നെയാണ് ഉപയോഗിച്ചത്. കാരണം അന്ന് നിയമസഭയിൽ വന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് അങ്ങനെ എടുത്തത്. അതുകൊണ്ട് ഏറ്റവും അപ്രോപ്രിയേറ്റായും ആപ്ടായും അതോറിറ്റിക്ക് ആക്ഷൻ എടുക്കാൻ കുറേക്കൂടി ഫലപ്രദമായ ഒരു പ്രൊപ്പോസലാണ്

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ 78-ാം നമ്പർ ഭേദഗതിയിൽ പറഞ്ഞിരിക്കുന്നത്. അത് ഗവൺമെന്റ് അക്സെപ്റ്റ് ചെയ്യുന്നതുകൊണ്ട് ഈ നിയമത്തിന് യാതൊരു നിലയിലുള്ള ബുദ്ധിമുട്ടും വരുന്നില്ല. കുറച്ചുകൂടി ഇഫക്ടീവ്നെസ്സ് കിട്ടുമെന്നേയുള്ളൂ.

Shri K. C. Joseph: Sir, I move the following amendments:

(54) In Section 62(1) (a) of the principal Act proposed to be substituted by clause 6 for the words "degradation caused over time" substitute the words "degradation caused by the efflux of time".

(68) In Section 62(1) (f) of the principal Act proposed to be substituted by clause 6,

(1) for the words "site investigation" substitute "site inspection, investigation"

(2) after "operation" add "repair".

(77) (1) After Section 62(1) of the principal Act proposed to be substituted in Clause 6, add the following as sub-section (2) and re-number the remaining sub-sections accordingly:—

"(2) The direction or advice of the authority shall be binding on the custodian or the agency to whom it is given."

Shri V. D. Satheesan: Sir, I move the following amendments:

(79) In Section 62(2) of the principal Act proposed to be substituted by clause 6, for the words "As soon as may be after the receipt of any advice or recommendation under sub-section (1)" substitute "As soon as a direction or advice under sub-section (1) is received".

(80) In Section 62(2) of the principal Act proposed to be substituted by clause 6,

(1) for the words "advice or recommendation" substitute "direction or advice".

(2) Delete the word "recommendation" appearing in lines 4 and 5.

(3) Delete the word "recommendation" appearing at the end.

LIBRARY ARCHIVES Kerala Legislative Assembly

(84) In Section 62(5) of the principal Act, proposed to be substituted by clause 6, for the words "order or direction" wherever they appear substitute the words "direction or advice."

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, എന്റെ ഒഫീഷ്യൽ അമെന്റ്മെന്റ് അംഗീകരിക്കണമെന്നഭ്യർത്ഥിക്കുന്നു. ശ്രീ. ടി. കെ. ദേവകുമാർ അവതരിപ്പിച്ച 55-ാം നമ്പർ ഭേദഗതിയും ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 65-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 72-ാം നമ്പർ ഭേദഗതിയും ശ്രീ. ടി. എം. ജേക്കബ് അവതരിപ്പിച്ച 78-ാം നമ്പർ ഭേദഗതിയും സ്വീകാര്യമാണ്. മറ്റു ഭേദഗതികൾ സ്വീകരിക്കാത്തതിന് വിശദീകരണമുണ്ട്. പക്ഷേ ഞാൻ വിശദീകരിക്കുന്നില്ല.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. ടി. കെ. ദേവകുമാർ അവതരിപ്പിച്ച 55-ാം നമ്പർ ഭേദഗതിയും ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 65-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 72-ാം നമ്പർ ഭേദഗതിയും ശ്രീ. ടി. എം. ജേക്കബ് അവതരിപ്പിച്ച 78-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

ശ്രീ. പി. ജെ. ജോയി അവതരിപ്പിച്ച 53, 66, 76, 82, 86 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 54, 68, 77 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 56, 59, 74 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. സി. കെ. നാണു അവതരിപ്പിച്ച 57, 61 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എ. കെ. മണി അവതരിപ്പിച്ച 60, 64 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച 70, 73 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 75, 87, 88 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 79, 80, 84 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

LIBRARY ARCHIVES Kerala Legislative Assembly

7-ാം വകുപ്പ്

Minister for Water Resources and Parliamentary Affairs **(Shri Thiruvanchoor Radhakrishnan):** Sir, I move the following official amendment:

(99) In sub-section (1) of section 62B proposed to be inserted, for the words "catchment area" the words "water spread area" shall be substituted.

Shri K. P. Rajendran: Sir, I move the following amendments:

(100) In section 62A (I) of the principal Act proposed to be substituted by clause 7 after the word "degeneration" insert the words "due to ecological impact or change in the weather condition."

(108) In the new section 62 B (1) proposed to be inserted by clause 7, add the following as 'f'.

"(f) Examining and entering any part of any dam site."

Shri T. K. Devakumar: Sir, I move the following amendment:

(101) In section 62 A proposed to be inserted by clause 7, add the following as sub-section (2) and re-number accordingly:—

"(2) The Government may by notification published in the Gazette from time to time revise the entries in the Second Schedule and add such other dams as they may think fit."

വളരെ പ്രധാനപ്പെട്ട അമെന്റ്മെന്റാണ്. മന്ത്രി ഇത് പരിശോധിച്ച് ഗൗരവമായി പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

Shri K. Radhakrishnan: Sir, I move the following amendment:

(102) In Section 62 A proposed to be inserted by clause 7, add the following as sub-section (2) and re-number accordingly:—

"(2) The Government may by notification published in the Gazette add to the Second Schedule any other dams as they may think fit".

LIBRARY ARCHIVES Kerala Legislative Assembly

Shri T. M. Jacob: Sir, I move the following amendments:

(103) In sub-section (2) of new Section 62A proposed to be inserted by clause 7 for the words 'Full Reservoir Level' substitute these words 'Permissible Reservoir Level'.

(104) In sub-section (3) of new Section 62A proposed to be inserted by clause 7 for the words 'Full Reservoir Level' substitute these words 'Permissible Reservoir Level'.

(106) In sub-section (1) of the new Section 62 B proposed to be inserted by clause 7 for the words 'Full Reservoir Level' substitute the words 'Permissible Reservoir Level'.

ഇത് 9-ാം വകുപ്പിന്റെ 119-ാം നമ്പർ ഭേദഗതിയായി മന്ത്രിതന്നെ കൊണ്ടു വന്നിട്ടുണ്ട്. Permissible Reservoir Level എന്ന് മാറ്റം വരുത്തിയ സാഹചര്യത്തിൽ consequential ആയിട്ട് ഇത് വന്നേ പറ്റൂ. കാരണം Full Reservoir Level എന്ന ഭാഗത്ത് Permissible Reservoir Level എന്ന് വരണം. 119-ാം നമ്പർ ഭേദഗതിയിൽ Permissible Reservoir Level എന്നാണ് സെക്കന്റ് ഷെഡ്യൂളിൽ മാറ്റം വരുത്തിയിരിക്കുന്നത്. 103-ാം നമ്പർ ഭേദഗതിയിലും 104-ാം നമ്പർ ഭേദഗതിയിലും 106-ാം നമ്പർ ഭേദഗതിയിലും ഞാൻ പ്രൊപ്പോസ് ചെയ്തിരിക്കുന്ന Full Reservoir Level എന്നുള്ള വാക്ക് മാറ്റി ഇപ്പോൾ ഷെഡ്യൂളിൽ കൊണ്ടുവന്നിരിക്കുന്നതുപോലെ Permissible Reservoir Level എന്നാക്കണമെന്നാണ്.

Shri V. D. Satheesan: Sir, I move the following amendment:

(105) Section 62 A (4) of the principal Act proposed to be inserted by clause 7 shall be recast as follows:

"(4) Any act or work or preparation, for the increase augmentation, addition or expansion of the storage capacity or for the increase of full reservoir level of any scheduled dam started by the Government, custodian or any other agency on or before the commencement of the Kerala Irrigation and Water Conservation (Amendment) Act, 2006 and whieh has not been completed shall stand stopped forth with and the Government, custodian or any other agency as the case may be shall submit an application to obtain the prior consent of the Authority for starting or for continuing such Act or work or preparation for such increase, augmentation, addition or expansion of the storage capacity or for the increase of the Full Reservoir Level of such

LIBRARY ARCHIVES Kerala Legislative Assembly

scheduled dam and shall start or re-commence such act or work or preparation only after the prior consent in writing of the Authority is obtained".

Shri M. Prakashan Master: Sir, I move the following amendment:

(107) The proposed new sub-section 62B (1) (e) of the principal Act proposed to be inserted by clause 7, shall be recast as follows:—

"Issuing Commission for examination of the storage capacity and deciding the maximum level of storage capacity of the dam".

Shri M. V. Jayarajan: Sir, I move the following amendments:

(109) In the proposed new section 62B of the principal Act proposed to be inserted by clause 7, add the following new sub-section as:—

(3) Any officer under the Dam Safety Authority or officer appointed by the Government to monitor the construction, alteration or any work done by the custodian of a dam shall be punishable with imprisonment not less than a period of two years, if found guilty of dereliction of duty and the officer shall be liable to compensate the loss sustained by the Government or the custodian, due to the lapse of the officer.

(110) After the proposed new section 62B of the principal Act proposed to be inserted by clause 7, insert a new section namely:—

"62 (c) *Protection of action taken in good faith.*— (1) No suit, prosecution or other legal proceedings shall lie against the Dam Safety Authority or against any officer, employee in respect of anything which is, in good faith, done while acting or purporting to act in the discharge of his official duties under this act.

(2) No proceedings of the Dam Safety Authority shall be held to be bad for want of forum and, except on the ground of jurisdiction, no proceedings or decision of the Dam Safety Authority shall be liable to changed, reviewed, quashed or called in question in any court."

LIBRARY ARCHIVES Kerala Legislative Assembly

എന്തൊക്കെ പറഞ്ഞാലും നമ്മുടെ ഭാഗത്തുനിന്ന് ധാരാളം ഫാൾട്ട് വരുന്നുവെന്നുള്ളതാണ് യാഥാർത്ഥ്യം. അതിന്റെ ഫലമായിട്ട് തന്നെയാണ് നമ്മുടെ സംസ്ഥാനത്തിന്റെ താൽപ്പര്യം സംരക്ഷിക്കപ്പെടാതിരിക്കുന്നത്. ഉദ്യോഗസ്ഥരും മറ്റുള്ളവരുമായിട്ടുടക്കം ബന്ധപ്പെട്ടുകൊണ്ട് നമ്മുടെ സംസ്ഥാനത്തിന്റെ താല്പര്യത്തിനെതിരായി നിലകൊള്ളുന്നു. അങ്ങനെ പ്രവർത്തിക്കുന്നവരെ penalise ചെയ്യണം. ആ ഉദ്ദേശത്തിലാണ് ഞാൻ 109-ാം നമ്പർ ഭേദഗതി മൂവ് ചെയ്യുന്നത്. 110-ാം നമ്പർ ഭേദഗതിയിൽ പറയുന്നത് ലോകായുക്തയിലെ സമാനരീതിയിലുള്ള പ്രൊവിഷനുമായി ബന്ധപ്പെടുത്തിയാണ്. ഡാം സേഫ്റ്റി അതോറിറ്റിക്ക് സിവിൽ കോടതിയുടെ അധികാരം നൽകത്തക്ക നിലയിൽ പ്രൊവിഷൻ കൊടുത്തിട്ടുണ്ട്. അത് മാത്രം പോരാ. ഡാം സേഫ്റ്റി അതോറിറ്റി സദുദ്ദേശത്തോടെ സംസ്ഥാനത്തിന്റെ താൽപ്പര്യം സംരക്ഷിക്കാൻ ചെയ്യുന്ന നടപടികളെ കോടതികളിൽ ചോദ്യം ചെയ്തുകൂടാ. സംസ്ഥാന നിയമസഭ തന്നെ പാസ്സാക്കിയ ലോകായുക്തയിൽ ഇതിനു സമാനമായ പ്രൊവിഷനുണ്ട്. അതിനു തുല്യമായ, അതേ വാചകങ്ങളാണ് ഞാൻ ഇവിടെ ഭേദഗതിയായി കൊണ്ടുവന്നിട്ടുള്ളത്. ഇത് സ്വീകരിക്കേണ്ടതാണെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): എന്റെ ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്നഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല. ശ്രീ. ടി. എം. ജേക്കബ് അവതരിപ്പിച്ച Permissible Reservoir Level എന്നുള്ളത് Fixed Reservoir Level എന്നുള്ള ഒരു ഓറൽ അമെന്റ്മെന്റ് ഞാൻ കൊണ്ടുവരുന്നുണ്ട്. അത് ആ സമയത്ത് എടുക്കാം.

ശ്രീ. ടി. എം. ജേക്കബ്: അത് പറ്റില്ല കാരണം. ഈ ക്ലോസ് കഴിഞ്ഞ് അടുത്ത ക്ലോസിലേക്ക് കടക്കുകയാണെങ്കിൽ സാധിക്കാതെ വരും.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ആ സമയത്ത് എടുക്കാം.

ശ്രീ. ടി. എം. ജേക്കബ്: അങ്ങനെയാണെങ്കിൽ ഈ clause-ന്റെ ചർച്ച പൂർത്തിയാക്കരുത്. Clause 7 ഇങ്ങനെ ഇട്ടേക്കുക. Clause 9-ൽ മന്ത്രിയുടെ അമെന്റ്മെന്റ് വന്നതിനുശേഷം എടുക്കുക. ഇത് close ചെയ്താൽ പിന്നെ സാധിക്കില്ല. വേണമെങ്കിൽ പിന്നെ open ചെയ്യാം. പക്ഷെ അത് ശരിയല്ല. Consequential ആയിട്ടുള്ള അമെന്റ്മെന്റ് ഇവിടെ വരേണ്ടതാണ്. ഇവിടെ 62എ ഷെഡ്യൂൾഡ് ഡാംസ് എന്നാണ് പറയുന്നത്. സെക്കന്റ് ഷെഡ്യൂളിനെക്കുറിച്ചാണ് പറയുന്നത്. 119-ാം നമ്പർ ഭേദഗതിയിലൂടെ മിനിസ്റ്റർ Permissible Reservoir Level എന്നുള്ളത് വേറെ രൂപത്തിൽ ആക്കാൻ പോകുന്നു എന്ന് പറഞ്ഞു. അങ്ങനെയാണെങ്കിൽ അത് ഏത് രൂപത്തിൽ ആക്കുന്നുവോ ആ വാക്ക് സെക്കന്റ് ഷെഡ്യൂളിനകത്ത് വരണം. എന്റെ റിക്വസ്റ്റ് 7-ാം വകുപ്പ് ഇവിടെ നിർത്തുക 8-ഉം 9-ഉം വകുപ്പുകൾ കഴിഞ്ഞിട്ട് വീണ്ടും 7-ാം വകുപ്പിലേക്ക് വരാം. അങ്ങനെ ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ശ്രീ. ജേക്കബ് പറഞ്ഞത് അംഗീകരിക്കുകയാണ്. Fixed Reservoir Level എന്നുള്ളത് ഓറൽ അമെന്റ്മെന്റായി ഞാൻ കൊണ്ടുവരികയാണ്.

മി. സ്പീക്കർ: എന്നാൽ 9-ാം വകുപ്പ് എടുത്തതിനുശേഷം ഇതെടുക്കാം.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): Fixed Reservoir Level എന്നത് ഞാൻ ഓറൽ അമെന്റ്മെന്റായി മൂവ് ചെയ്യുകയാണ്. ഞാൻ ഇവിടെ വന്നതിനുശേഷം നോക്കിയപ്പോഴാണ് കണ്ടത്.

ശ്രീ. എം. വി. ജയരാജൻ: Fixed Reservoir Level-ഉം Permissible Reservoir Level-ഉം രണ്ടും രണ്ടാണ്. അതുകൊണ്ട് വ്യക്തമായി പറയണമല്ലോ.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ഓറൽ അമെന്റ്മെന്റ് Fixed Reservoir Level എന്നുള്ളതാണ്. ആ അമെന്റ്മെന്റ് കൊണ്ടുവരുന്നതിന് റീസൺസ് വേറെയുണ്ട്. അത് ഞാൻ വിശദീകരിക്കുന്നില്ല. ശ്രീ. ടി. എം. ജേക്കബ് അത് അക്സപ്റ്റ് ചെയ്തതുകൊണ്ടാണ് അദ്ദേഹത്തിന്റെ റിയാക്ഷൻ വന്നത്. 62(എ)-ൽ Permissible Reservoir Level എന്നതിനുപകരം Fixed Reservoir Level എന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു. ഔദ്യോഗിക ഭേദഗതിയും വാക്കാൽ ഭേദഗതിയും അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും വാക്കാൽ ഭേദഗതിയും സഭ അംഗീകരിച്ചു.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 100, 108 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ടി. കെ. ദേവകുമാർ അവതരിപ്പിച്ച 101-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. രാധാകൃഷ്ണൻ അവതരിപ്പിച്ച 102-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ടി. എം. ജേക്കബ് അവതരിപ്പിച്ച 103, 104, 106 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 105-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. പ്രകാശൻ മാസ്റ്റർ അവതരിപ്പിച്ച 107-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 109, 110 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

8-ാം വകുപ്പ്

Shri K. P. Rajendran: Sir, I move the following amendment:

(115) In the new Section 68A proposed to be inserted by Clause 8, for the words "intend to be done" insert "proposed to be done".

Shri T. M. Jacob: Sir, I move the following amendment:

(116) In the new Section 68A proposed to be inserted by Clause 8, after sub clause 2, the following shall be added as sub clause 3

"(3) Findings of facts by the Authority leading to its advise recommendations, orders or directions as provided in the Parent Act as amended from time to time, shall be final and shall not be called in question before any court of law and no court of Law shall entertain any legal proceedings, civil, criminal or otherwise challenging any finding of fact by the Authority in accordance with the function assigned to it by the Parent Act as amended from time to time". ഇത് ഏറ്റവും അത്യാവശ്യമുള്ള ഒരു ഭേദഗതിയാണ്. കാരണം ഡാം സേഫ്റ്റി അതോറിറ്റി രൂപീകരിക്കുകയാണ്. ഈ നിയമം പ്രാബല്യത്തിൽ വരുന്നതോടുകൂടി അതോറിറ്റിയുടെ ഫംഗ്ഷൻസ് കുറച്ചുകൂടി എലാബറേറ്റായിട്ട് പറഞ്ഞ് കൂടുതൽ പവേഴ്സ് അവർക്ക് കൊടുത്ത് നമ്മൾ ഒരു പർപ്പസിനുവേണ്ടി നീങ്ങുകയാണ്. Findings of facts by the Authority leading to its advise recommendations, orders or directions as provided in the Parent Act as amended from time to time, shall be final and shall not be called in question before

LIBRARY ARCHIVES Kerala Legislative Assembly

any court of law and no court of Law shall entertain any legal proceedings, civil, criminal or otherwise challenging any finding of fact by the Authority in accordance with the function assigned to it by the Parent Act as amended from time to time".

ഇത് വന്നില്ലെങ്കിലുള്ള അപകടം എന്താണെന്നു പറയാം. ഉദാഹരണം അതോറിറ്റിയുടെ മുൻപിൽ തമിഴ്നാട് ഗവൺമെന്റിന് അല്ലെങ്കിൽ അവരുടെ ആളുകൾക്ക് അല്ലെങ്കിൽ ഏതെങ്കിലും വ്യക്തിക്ക് ഹാജരാകാം. ഇപ്പോൾത്തന്നെ സുപ്രീംകോടതി വിധി ഉണ്ടായത് എങ്ങനെയാണ്? വാട്ടർ ലെവൽ ഉയർത്തണമെന്ന് തമിഴ്നാടും താഴ്ത്തണമെന്ന് നമ്മളും പറഞ്ഞ പെറ്റീഷൻസിനെ തുടർന്നാണ് സുപ്രീം കോടതിയിലേക്ക് ട്രാൻസ്ഫർ പെറ്റീഷൻ വഴി ഇത് വന്നത്. അങ്ങനെയാണ് ഈ വിധി വരുന്നത്. സ്വാഭാവികമായിട്ടും ഈ അതോറിറ്റിയുടെ മുമ്പിൽ ഹാജരാകുന്ന ഒരാൾ ഈ രേഖകളെല്ലാം ഹാജരാക്കി അവിടെ കേസ് വാദിക്കുന്നു. ഒരു പെറ്റീഷണർ ട്രൈബ്യൂണലിന് മുൻപാകെയോ ഒരു അതോറിറ്റി മുമ്പാകെയോ അല്ലെങ്കിൽ ഏതെങ്കിലും ജുഡീഷ്യൽ ഫോറത്തിന്റെ മുൻപാകെയോ ഒരു കാര്യം പ്രസന്റ് ചെയ്തുകഴിഞ്ഞാൽ അതിന്മേൽ ഒരു ജഡ്ജ്മെന്റ് വന്നേ പറ്റൂ. അങ്ങനെ ഒരു ജഡ്ജ്മെന്റ് വന്നുകഴിഞ്ഞാൽ ആ ജഡ്ജ്മെന്റിനുമേൽ പിന്നീട് നമ്മുടെ തീരുമാനത്തെ ഇല്ലാതാക്കാനുള്ള ഒരു അവസരം ഉണ്ടാക്കിക്കൊടുക്കരുത്. അതുകൊണ്ടാണ് വളരെ സ്പെസിഫിക്കായി ഈ ഫൈന്റിംഗ്സിന് എതിരെ വേറൊരു നിലയിലും അവർ മുന്നോട്ടുപോകാൻ പാടില്ല എന്നുള്ള ഒരു വ്യവസ്ഥ ഇതിനകത്ത് പറയണം എന്ന് സൂചിപ്പിച്ചിരിക്കുന്നത്. അങ്ങനെ പറഞ്ഞില്ലെങ്കിൽ നമ്മൾ ചെയ്യുന്ന ഏറ്റവും അപകടകരമായ ഒരു സംഗതിയായിരിക്കും അതെന്ന് ഈ സഭയുടെ ശ്രദ്ധയിലും മന്ത്രിയുടെ ശ്രദ്ധയിലും പെടുത്തുകയാണ്.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): 68 A. *Protection of action and immunities from challenge etc.*—

(1) No suit, prosecution or other legal proceedings shall lie against the Authority or against any officer or employee in respect of anything which is done in good faith or intended to be done in the discharge of official duties under this Act.

(2) No civil court shall have jurisdiction to settle, decide or deal with any question of fact or to determine any matter which is by or under this Act required to be settled, decided or dealt with or to be determined by the Authority under this Act."

സഫിഷ്യന്റായിട്ടുള്ള പ്രൊവിഷനും Protective clause-ഉം ഇതിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ്: സാധാരണഗതിയിൽ നിയമനിർമ്മാണം പരിശോധിച്ചാൽ ക്ലാസ് 8 സബ്ക്ലാസ് (2)-ൽ പറഞ്ഞിരിക്കുന്ന പരാമർശം എല്ലാ നിയമങ്ങളിലും ഉപയോഗിക്കുന്ന വാക്കാണ് എന്ന് മനസ്സിലാകും. അതിൽനിന്നും വ്യത്യസ്തമാണ് ഞാൻ പറഞ്ഞിരിക്കുന്നത്. അതോറിറ്റി മുമ്പാകെ വരുന്ന കേസിനെ സംബന്ധിച്ച് സ്പെസിഫിക്കായ നിർദ്ദേശമാണ് ഞാൻ പറഞ്ഞത്. സാധാരണ സിവിൽ കോർട്ടിന് ജൂറിസ്ഡിക്ഷനില്ല എന്ന് നമ്മൾ പറയാറുണ്ട്. പക്ഷേ സിവിൽ കോർട്ടിന് അത് എന്റർട്ടെയിൻ ചെയ്യാൻ സാധിക്കും. പക്ഷേ ഇവിടെ പറയുന്നത് അതോറിറ്റിയുടെ ഫൈൻഡിംഗ്സിനുമേൽ മുന്നോട്ടുപോകാനുള്ള അവസരം നമ്മൾ കൊടുക്കുന്നില്ല എന്നുള്ളതാണ്. അത് വേണമെന്നുള്ളതാണ് എന്റെ അഭിപ്രായം. പിന്നെ മന്ത്രിയുടെ ഇഷ്ടംപോലെ ചെയ്യാം.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ശ്രീ. ടി. എം. ജേക്കബ് പറഞ്ഞതിനോട് ഞാൻ പൂർണ്ണമായും യോജിക്കുകയാണ്. ഞാൻ അതിന്റെ സ്പിരിറ്റിനെ അല്ല കവസ്റ്റ്യൻ ചെയ്യുന്നത്. വേർഡ് ബൈ വേർഡിൽ അതിനകത്ത് സഫിഷ്യന്റായ പ്രൊവിഷൻ ഉണ്ട്; അതുകൊണ്ടാണ് പറഞ്ഞത്. ഈ പറഞ്ഞ സ്പിരിറ്റിനോട് ഞാൻ യോജിക്കുകയാണ്. പക്ഷേ ഇതിന് പ്രത്യേകിച്ച് വേറൊരു അമെന്റ്മെന്റിന്റെ ആവശ്യമില്ല. ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. എ. എൻ. രാജൻ ബാബു: ജുഡീഷ്യൽ റിവ്യൂവിനെപ്പറ്റി പറഞ്ഞ കൂട്ടത്തിൽ പണ്ട് അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ആക്ടിനെ സംബന്ധിച്ച് ഒരു പ്രൊവിഷനുണ്ടാക്കി. 226-ന്റെ ജൂറിസ്ഡിക്ഷൻ കൂടി ബാർ ചെയ്തുകൊണ്ട് അതിൽനിന്ന് അപ്പീൽ സുപ്രീംകോടതിയിലേക്ക് മാത്രമേ ആവുകയുള്ളൂ എന്നു പറഞ്ഞ് ഉണ്ടാക്കിയ ആ പ്രൊവിഷൻ റദ്ദാക്കി. കാരണം ജുഡീഷ്യൽ റിവ്യൂ എന്ന് പറയുന്നത് നമ്മുടെ കോൺസ്റ്റിറ്റ്യൂഷന്റെ ബേസിക് സ്ട്രക്ചറാണ്. 226-ഉം 227-ഉം അനുസരിച്ചുള്ള ഹൈക്കോടതിയുടെ പവറും സുപ്രീം കോടതിയുടെ പവറും ബാർ ചെയ്യുകയാണെങ്കിൽ ജുഡീഷ്യൽ റിവ്യൂവിനുള്ള ബേസിക് സ്ട്രക്ചർ ഇല്ലാതാകുന്നതാണ്. സിവിൽ കോടതിയിൽ മാത്രമുള്ള ജൂറിസ്ഡിക്ഷൻ മാത്രമേ റെസ്ട്രിക്ട് ചെയ്യാൻ പറ്റുകയുള്ളൂ.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 115-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ടി. എം. ജേക്കബ് അവതരിപ്പിച്ച 116-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

LIBRARY ARCHIVES Kerala Legislative Assembly

8-ാം വകുപ്പിന് ശേഷമുള്ള പുതിയ വകുപ്പ്

Shri T. M. Jacob: Sir, I move the following amendment:

(117) After Clause 8 of a new Clause 9 shall be inserted and re-number the existing Clause 9 as Clause 10.

9. Insertion of new Section 68 B:—

"68B. Power to Punish for contempt:— "The Authority shall have and exercise the same jurisdiction and power in respect of contempt of itself as the High Court has and may exercise, and for this purpose the provision of the Contempt of Courts Act, 1971 (Act 70 of 1971) shall have effect subject to the modification that the reference therein made to the High Court shall be construed to the reference made to the Authority."

കണ്ടംപ്റ്റിനുള്ള പ്രൊവിഷൻ Power to Punish for contempt ഇതിൽ ഇൻകോർപ്പറേറ്റ് ചെയ്യണമെന്നാണ് ഞാൻ പറഞ്ഞിരിക്കുന്നത്. ഞാൻ ഇന്നലെ പൊതു ചർച്ചയിൽ പങ്കെടുത്ത അവസരത്തിൽ ഒരു കാര്യം പറയുകയുണ്ടായി. ലോകായുക്തയിലെ സെക്ഷൻ 19-ൽ കൃത്യമായി പറയുന്നുണ്ട്. ഞാൻ മനസ്സിലാക്കിയത് ഇതിന് പ്രസിഡന്റിന്റെ അസ്സന്റ് വേണം എന്നൊക്കെയുള്ള ചില ഉപദേശങ്ങൾ മന്ത്രിക്ക് കിട്ടിയിട്ടുണ്ട്. ഡിപ്പാർട്ടുമെന്റുകൾ പറയുന്നത് കേൾക്കേണ്ട എന്ന് പറയുന്നില്ല. പക്ഷേ ട്രിബ്യൂണലിന് പവേഴ്സ് കൊടുത്തിട്ടുള്ള ഇൻസിഡന്റ്സ് ഉണ്ട്. അല്ലെങ്കിൽ ഈ, പ്രൊവിഷൻ ഇതിൽ ഇൻകോർപ്പറേറ്റ് ചെയ്യേണ്ടതായിരുന്നു എന്ന് നമ്മൾ പറയണം. അത് ചെയ്യാത്തത് സമയത്തിന്റെ കുറവുകൊണ്ടാകാം. നേരത്തെ മന്ത്രി പറഞ്ഞതുവച്ച് ഭേദഗതി ചെയ്യാതെ മാറ്റിയ 8-ാം വകുപ്പിൽ പറഞ്ഞ പ്രൊപ്പോസലിനോട് എനിക്ക് യോജിപ്പില്ല. ലാ ഡിപ്പാർട്ടുമെന്റ് എല്ലാത്തിനും അതീതമാണെന്ന ചിന്താഗതിയുണ്ടെങ്കിൽ അങ്ങനെ പോകട്ടെ.

Shri K. C. Joseph: Sir, I move the following amendment:

(118) After clause 8 add the following as clause 8 A namely:—

"8 A. Amendment of the Schedule:— In the Schedule for the heading the following shall be substituted namely:—

"FIRST SCHEDULE."

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. ടി. എം. ജേക്കബ് അവതരിപ്പിച്ച 117-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 118-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

9-ാം വകുപ്പ്

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഷെഡ്യൂളിനെ സംബന്ധിച്ച് എനിക്ക് ഓറൽ അമെന്റ്മെന്റ് കൂടി ഉണ്ട്. അതാണ് നേരത്തെ സൂചിപ്പിച്ചത്. Permissible Reservoir Level എന്നാണ് ഇവിടെ പ്രിന്റ് ചെയ്ത് സർക്കുലേറ്റ് ചെയ്ത അമെന്റ്മെന്റിൽ പറയുന്നത്. അതിനുപകരം Fixed Reservoir Level എന്നുള്ള ഓറൽ അമെന്റ്മെന്റ് കൂടി ചേർത്ത് ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

(119) For the "SECOND SCHEDULE" proposed to be added, the following "SECOND SCHEDULE" shall be substituted, namely:—

SECOND SCHEDULE

[*See* Section 62 A (1)]

Sl. No.	*Name of Dam*	*Years completion*	*Permissible Reservoir Level*
(1)	(2)	(3)	(4)
1.	Mullaperiyar	1895	41.45 m (136 ft.) from the deepest point of the level of Periyar river at the site of main dam
2.	Kundala	1947	1758.70 m MSL
3.	Malampuzha	1955	115.06 m MSL
4.	Mattupetty	1956	1599.59 m MSL
5.	Walayar	1956	203.00 m MSL
6.	Vazhani	1957	62.48 m MSL
7.	Sengulam	1957	847.64 m MSL
8.	Peringalkuthu	1957	423.98 m MSL
9.	Peechi	1958	79.25 m MSL
10.	Neyyar	1959	84.75 m MSL

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)
11.	Meenkara	1960	156.36 m MSL
12.	Kallarkutty	1961	456.59 m MSL
13.	Ponmudi	1963	707.75 m MSL
14.	Sholayar Main	1965	811.69 m MSL
15.	Anayirakal	1965	1207.01 m MSL
16.	Thunakadavu	1965	539.50 m MSL
17.	Chulliyar	1966	154.11 m MSL
18.	Parambikulam	1966	556.26 m MSL
19.	Kakki	1966	981.46 m MSL
20.	Mangalam	1966	77.87 m MSL

Shri E. M. Augusthy: Sir, I move the following amendments:

(120) In the second schedule proposed to be inserted by Clause 9, in Column No. 4 from the words "Full Reservoir Level" the word "Full" shall be deleted and the word "Permissible" shall be substituted.

(121) In Clause 9 in Second Schedule column No. 4,

in Sl. No. 2 for 46.63 m, substitute 152.98 feet

in Sl. No. 4 for 847.65 m, substitute 1780.97 feet

in Sl. No. 5 for 79.25 m, substitute 260 feet

in Sl. No. 6 for 203.00 m, substitute 666 feet

in Sl. No. 7 for 811.69 m, substitute 2663 feet

in Sl. No. 8 for 115.06 m, substitute 377.49 feet

in Sl. No. 9 for 77.88 m, substitute 285.51 feet

in Sl. No. 10 for 84.734 m, substitute 278 feet

LIBRARY ARCHIVES Kerala Legislative Assembly

Shri T. M. Jacob: Sir, I move the following amendments:

(122) In Clause 9 recast Second Schedule as follows:—

SECOND SCHEDULE

[*See* Section 62 A (1)]

Sl. No.	*Name of Dam*	*Years completion*	*Permissible Reservoir Level*
(1)	(2)	(3)	(4)
1.	Mullaperiyar	1895	41.45 m (136 ft.) from the deepest point of the bed level of Periyar river at the site of main dam.
2.	Kundala	1947	1758.70 m MSL
3.	Malampuzha	1955	115.06 m MSL
4.	Mattupetty	1956	1599.59 m MSL
5.	Walayar	1956	203.00 m MSL
6.	Vazhani	1957	62.48 m MSL
7.	Sengulam	1957	847.64 m MSL
8.	Peringalkuthu	1957	423.98 m MSL
9.	Peechi	1958	79.25 m MSL
10.	Neyyar	1959	84.75 m MSL
11.	Meenkara	1960	156.36 m MSL
12.	Kallarkutty	1961	456.59 m MSL
13.	Ponmudi	1963	707.75 m MSL
14.	Sholayar Main	1965	811.69 m MSL
15.	Anayirankal	1965	1207.01 m MSL
16.	Thunakadavu	1965	539.50 m MSL
17.	Chulliyar	1966	154.11 m MSL
18.	Parambikulam	1966	556.26 m MSL
19.	Kakki	1966	981.46 m MSL

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)
20.	Mangalam	1966	77.87 m MSL
21.	Aruvikkara	1933	46.63 m
22.	Peruvaripallam	1963	539 m

(123) In Clause 9 recast Second Schedule as follows:

SECOND SCHEDULE

[*See* Section 62 A (1)]

Sl. No.	*Description*	*Years completion*	*Permissible Reservoir Level*
(1)	(2)	(3)	(4)
1.	Aruvikkara (KWA)	1933	46.63 m
2.	Chenkulam (KSEB)	1957	847.65
3.	Kundala (KSEB)	1947	75 ft.
4.	Malampuzha (IRRN)	1966	115.06 m.
5.	Mangalam (IRRN)	1966	77.88 m.
6.	Mullaperiyar (IRRN)	1895	136 ft.
7.	Neriyamangalam	1961	..
8.	Neyyar (IRRN)	1973	84.734 m.
9.	Pallivasal	1940	..
10.	Panniyar	1963	..
11.	Parambikulam	1963	555 m.
12.	Peechy(IRRN)	1959	79.25 m.
13.	Peringalkuthu	1957	..
14.	Peruvarippallam	1963	539 m.
15.	Sholayar (KSEB)	1965	811.69 m.
16.	Thunakadavu	1963	539 m.
17.	Vazhani	1957	..
18.	Walayar (IRRN)	1964	203.00 m.

LIBRARY ARCHIVES Kerala Legislative Assembly

ഷെഡ്യൂളിനെ സംബന്ധിച്ച് മിനിസ്റ്റർ പറഞ്ഞിരിക്കുന്നത് Fixed Reservoir Level എന്നാണ്. ഞാൻ കൂടി സജസ്റ്റ് ചെയ്തതാണ് പെർമിസിബിൾ റിസർവോയർ ലെവൽ എന്നുള്ളത്. അതായിരുന്നു നല്ലതെന്നാണ് എന്റെ അഭിപ്രായം. അതല്ല, കുറച്ചുകൂടി മെച്ചപ്പെട്ട വാക്ക് ഫിക്സഡ് എന്നാണെങ്കിൽ അങ്ങനെയാകട്ടെ. മന്ത്രി കൊണ്ടുവന്ന ഷെഡ്യൂളിൽ ഇരുപത് എന്നാണ് പറഞ്ഞിരിക്കുന്നത്. എന്റെ 122-ാം നമ്പർ ഭേദഗതിയിൽ രണ്ടെണ്ണംകൂടി ചേർത്തിട്ടുണ്ട്. അത് അരുവിക്കരയും പെരുവാരിപ്പള്ളവുമാണ്. പറമ്പിക്കുളം, തുണക്കടവ്, പെരുവാരിപ്പള്ളം ഇത് മൂന്നും പറമ്പിക്കുളം ആളിയാർ കരാറുമായി ബന്ധപ്പെട്ടുവരുന്ന മൂന്ന് ഡാമുകളാണ്. മിനിസ്റ്റർ പറഞ്ഞ ലിസ്റ്റിനകത്ത് രണ്ടെണ്ണം ഉൾക്കൊള്ളിച്ചു. പെരുവാരിപ്പള്ളം ഇല്ല. അത് വിട്ടുകളയേണ്ട ആവശ്യമില്ല. അതുകൂടി ഉൾപ്പെടുത്തണം. അരുവിക്കര ഡാമിന്റെ സ്ഥിതിയും അത്ര ഗുണകരമല്ല. അപ്പോൾ ഷെഡ്യൂളിൽ ഈ രണ്ടെണ്ണംകൂടി ചേർക്കുന്നതുകൊണ്ട് പ്രശ്നമില്ല.

Shri K. P. Rajendran: Sir, I move the following amendments:

(127) In Clause 9 in the Second schedule after Serial No.10 add the following:

11. Parambikulam
12. Peruvarippallam
13. Thunakadavu
14. Shiruvani
15. Peringalkuttu
16. Pallivasal
17. Panniyar
18. Neriyamangalam
19. Vazhani
20. Cheerakuzhi

(130) As it is expedient to present the Mullaperiyar Dam which is about 110 years of age, and environmental dangers implicit in it and it is essential to protect the bio-wealth and plant and animal ecosystem, wildlife forest land and above all the life and security of about 30 lakh people living in the affected area.

മുല്ലപ്പെരിയാറാണല്ലോ വിഷയം. അതുകൊണ്ട് അത് പ്രത്യേക ക്ലാസായി കൊടുക്കണം.

LIBRARY ARCHIVES Kerala Legislative Assembly

Shri M. Prakashan Master: Sir, I move the following amendment:

(129) Clause 9 shall be recast as follows:

In the principal Act after the schedule the following schedule shall be added:—

"All dams constructed after 1960".

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): മുല്ലപ്പെരിയാറിന് മാത്രമായി ഒരു നിയമമുണ്ടാക്കിയാൽ നമ്മൾ സുപ്രീംകോടതിയുമായി ഒരു ഈഗോ ക്ലാഷിന് പോകും. അതുകൊണ്ട് നമ്മൾ കേരളത്തിലെ എല്ലാ ഡാമുകളും എടുക്കുന്നു. അതാണ് നമ്മുടെ സ്പിരിറ്റ്. അതുകൊണ്ടാണ് ഷെഡ്യൂൾ ചെയ്തതും, ഈ നിലയിലേക്ക് നീങ്ങുന്നതും സുപ്രീം കോടതിയുമായി ഒരു ഈഗോ ക്ലാഷ് വേണ്ട എന്നുള്ളതുകൊണ്ടാണ്. അതുകൊണ്ട് ദയവായി അങ്ങ് പ്രസ്സ് ചെയ്യരുതെന്നാണ് എന്റെ അഭ്യർത്ഥന. ശ്രീ. ടി. എം. ജേക്കബ് അവതരിപ്പിച്ച 122-ാം നമ്പർ ഭേദഗതി, അരുവിക്കരയും പെരുവാരിപ്പള്ളവും ഉൾക്കൊള്ളിച്ചുകൊണ്ടുള്ളത് അക്സപ്റ്റ് ചെയ്യുകയാണ്. ഷെഡ്യൂളിൽ അതുകൂടി ചേർത്തുകൊണ്ട് എന്റെ ഒഫീഷ്യൽ ഭേദഗതി അംഗീകരിക്കണമെന്നഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതിയോടുകൂടിയ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. ടി. എം. ജേക്കബ് അവതരിപ്പിച്ച 122-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. ഇ. എം. അഗസ്തി അവതരിപ്പിച്ച 120, 121 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. ടി. എം. ജേക്കബ് അവതരിപ്പിച്ച 123-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 127, 130 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ അവതരിപ്പിച്ച 129-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

LIBRARY ARCHIVES Kerala Legislative Assembly

1-ാം വകുപ്പും പീഠികയും പേരും

Shri K. P. Mohanan: Sir, I move the following amendments:

(1) The Title shall be modified as "The Kerala Water Conservation and Irrigation (Amendment) Bill, 2006".

(2) In Sub clause 1 of clause 1, after "This Act may be called" substitute the following "The Kerala Water Conservation and Irrigation (Amendment) Act, 2006".

(5) Sub clause (2) of clause (1) shall be recast as follows:

(2) "It shall come into force on such date as the Government may, by notification in the Gazette appoint".

2-ാം നമ്പർ ഭേദഗതിയിൽ പറയുന്നത് വാട്ടർ കൺസർവേഷൻ ഫസ്റ്റിൽ വരണമെന്നുള്ളതാണ്. പേരിൽത്തന്നെ മായമുണ്ട്. അതുകൊണ്ടാണ് പറഞ്ഞത്. വാട്ടർ കൺസർവേഷൻ ആദ്യം വേണം. എന്നിട്ടേ ജലസേചനം പാടുള്ളൂ. കൺസർവേഷന് പ്രയോറിറ്റി കൊടുക്കണം.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): 2003-ലെ ബില്ലിന്റെ ടൈറ്റിലാണ് നമ്മൾ എടുത്തിരിക്കുന്നത്. അതുകൊണ്ട് ടൈറ്റിൽ മാറ്റണ്ട. മാത്രമല്ല ഇതൊക്കെ നമുക്ക് കോമണായി യോജിക്കാവുന്ന കാര്യങ്ങളാണ്. പഴയ ടൈറ്റിൽ തന്നെ എടുത്തിരിക്കുകയാണ്. പുതിയ നിയമം കൊണ്ടുവന്നു എന്ന് വരുത്താതിരിക്കാൻ വേണ്ടിയാണ് പഴയ ടൈറ്റിൽ അതേപടി അക്സപ്റ്റ് ചെയ്തിരിക്കുന്നത്. ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. കെ. പി. മോഹനൻ അവതരിപ്പിച്ച 1, 2, 5 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, 2006-ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) ബിൽ പാസ്സാക്കിത്തരണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, ഈ ബില്ലിനെ സംബന്ധിച്ച് പറയാനുള്ള കാര്യങ്ങൾ ചുരുക്കിപ്പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

'ഭാരതമെന്ന പേർ കേട്ടാലഭിമാന-
10.00 A.M.] പൂരിതമാകണമന്തരംഗം;
കേരളമെന്നു കേട്ടാലോ തിളയ്ക്കണം
ചോര നമുക്കു ഞരമ്പുകളിൽ !'

മഹാകവി വള്ളത്തോളിന്റെ ദേശസ്നേഹപരമായ കവിതയാണിത്. അദ്ദേഹത്തിന്റെ ദേശസ്നേഹം എവിടെ? ഇന്നത്തെ സർക്കാരിന്റെ ദേശസ്നേഹം എവിടെ എന്നത് പരിശോധിക്കേണ്ട സന്ദർഭമാണിതെന്ന് ഞാൻ ആമുഖമായി സൂചിപ്പിക്കട്ടെ! മുല്ലപ്പെരിയാർ ഡാമിനു ചുറ്റും കാടാണെന്ന് സുപ്രീം കോടതി വിധിയുടെ ആമുഖത്തിൽ സൂചിപ്പിക്കുന്നു. ഈ വിധിയിൽ കോടതി പ്രധാനമായും പരിഗണിച്ച വിഷയം ഡാമിന്റെ ഉയരം 136 അടിയിൽ നിന്ന് 142 ആയി ഉയർത്താമോയെന്നുള്ളതാണ്. മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷിതത്വത്തേയോ അപകടം ഉണ്ടായാൽ അതുമൂലമുണ്ടാകുന്ന സാധാരണക്കാരന്റെ ജീവിക്കാനുള്ള അവകാശനിഷേധത്തെ സംബന്ധിച്ചോ അവരുടെ ആവാസവ്യവസ്ഥ നഷ്ടപ്പെടുന്നതിനെക്കുറിച്ചോ കോടതി ഗൗരവമായി പരിഗണിച്ചിട്ടില്ല. 1886-ൽ തിരുവിതാംകൂർ മഹാരാജാവും സെക്രട്ടറി ഓഫ് സ്റ്റേറ്റ് ഫോർ ഇന്ത്യയും തമ്മിലുണ്ടാക്കിയ കരാറാണ് കേരളവും തമിഴ്നാടും തമ്മിൽ പിൽക്കാലത്ത് ഉടലെടുത്ത പ്രശ്നത്തിന്റെ ആദ്യത്തെ അടിസ്ഥാനരേഖ. 1886-ലെ കരാർ പ്രകാരം ഇറിഗേഷൻ ആവശ്യത്തിനു വെള്ളം കൊടുക്കുവാൻ മാത്രമേ വ്യവസ്ഥയുള്ളു. വൈദ്യുതി ഉൽപ്പാദനത്തിനു കരാറിൽ വ്യവസ്ഥയില്ല. എന്നാൽ പിൽക്കാലത്ത് തമിഴ്നാട് വൈദ്യുതിയുൽപ്പാദനം തുടങ്ങിയപ്പോൾ അതിനെ കേരള സർക്കാർ എതിർത്തു. പ്രശ്നം ആർബിട്രേഷന് വിടുകയും ആർബിട്രേറ്റർ വൈദ്യുതി ഉൽപ്പാദനം നിയമവിരുദ്ധമാണെന്ന് കണ്ടെത്തുകയും ചെയ്തു. എന്നാൽ ആർബിട്രേറ്റർ ആർബിട്രേഷൻ വിധി പിൽക്കാലത്ത് നടപ്പിലാക്കിയില്ല. അന്നത്തെ തിരുവിതാംകൂർ ഗവൺമെന്റിനുവേണ്ടി ദിവാൻ സർ സി. പി. രാമസ്വാമി അയ്യരാണ് ഈ കാര്യത്തിൽ ട്രിബ്യൂണലിൽ വാദിച്ചത്. വാദം സാധൂകരിച്ചുകൊണ്ട് ആർബിട്രേറ്റർ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള വിധി നിയമവിരുദ്ധമാണെന്ന് ഉത്തരവിട്ടു. 1886 ജനുവരി 1 മുതൽ 999 വർഷത്തെ കാലാവധി നിജപ്പെടുത്തിയ ആദ്യകരാർ 1970-ൽ 999 വർഷമായി വർദ്ധിപ്പിച്ചു. 50 വർഷം മാത്രം ആയുസ് നിജപ്പെടുത്തിയ മുല്ലപ്പെരിയാർ ഡാമിൽ നിന്ന് വെള്ളം എടുക്കാൻ 999 വർഷമായി വ്യവസ്ഥ ചെയ്തത് സാമാന്യബുദ്ധിക്ക് നിരക്കുന്നതല്ല. മാത്രമല്ല 1872-ലാണ് ഇന്ത്യൻ കരാർ നിയമം നിലവിൽ വരുന്നത്. പ്രസ്തുത നിയമത്തിൽ അനിയന്ത്രിതമായ കാലപരിധി കൊടുത്തുകൊണ്ട് കരാർ ഉണ്ടാക്കാൻ വകുപ്പില്ല. മാത്രമല്ല 1958-ൽ ഭരണഘടന നിലവിൽ വന്നശേഷം വെള്ളം സംസ്ഥാനത്തിന്റെ വിഷയമായി മാറുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഏഴാം ഷെഡ്യൂളിൽ സെക്കന്റ് ലിസ്റ്റിൽ 17-ാമത്തെ എൻട്രിയിൽ പറയുന്നത് സോവറിൻ സ്റ്റേറ്റ് നിലവിൽ വന്നാൽ ഭരണഘടന അനുശാസിക്കുന്ന രീതിയിൽ സ്റ്റേറ്റ് റിസോഴ്സസ് കൈകാര്യം ചെയ്യാം എന്നാണ്. ഇന്ത്യൻ കോൺട്രാക്ട് ആക്ടിന്റെ പരിധിയിൽ നിന്നുകൊണ്ട് ഉണ്ടാകുന്ന ഒരു കരാറിന് സ്റ്റാറ്റ്യൂട്ടറി എൻഫോഴ്സ്മെന്റ് ഇല്ല. കരാറിൽ പറയുന്ന വ്യവസ്ഥയ്ക്ക് വിരുദ്ധമായി അതിലേർപ്പെട്ടവർ എന്തെങ്കിലും ചെയ്താൽ പ്രശ്നം ആർബിട്രേഷന് വിടുകയെന്നതാണ് ഇന്ത്യൻ കോൺട്രാക്ട് ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. 1970-ൽ അച്യുതമേനോൻ ഗവൺമെന്റിന്റെ കാലത്ത് കരാർ പുനഃപരിശോധിക്കുകയും അതിൽ ഭേദഗതി വരുത്തുകയും ചെയ്തു. അതിൻപ്രകാരം ആർബിട്രേഷൻ ക്ലാസ് പ്രത്യേകിച്ച് ഉൾപ്പെടുത്തുകയുണ്ടായി. കരാർ വ്യവസ്ഥയിൽ എന്തെങ്കിലും തർക്കമുണ്ടായാൽ പ്രശ്നം ആർബിട്രേഷന് വിടുകയെന്നതാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്. ഇത്തരത്തിൽ 1887-ലും 1970-ലും കേരളവും തമിഴ്നാടും തമ്മിൽ മുല്ലപ്പെരിയാർ പ്രശ്നത്തിൽ തർക്കമുണ്ടായപ്പോൾ ആർബിട്രേഷന് വിടുകയാണുണ്ടായത്. ഈ കാര്യം സുപ്രീം കോടതിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിൽ സർക്കാരിനും സർക്കാരിനുവേണ്ടി വാദിച്ച അഭിഭാഷകർക്കും കഴിഞ്ഞില്ല എന്നതാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. കേരളവും തമിഴ്നാടും തമ്മിലുണ്ടായ ഇപ്പോഴത്തെ പ്രശ്നം വാട്ടർ ഡിസ്പ്യൂട്ട്സ് അല്ലെന്ന നിഗമനത്തിലാണ് സുപ്രീം കോടതി എത്തിയിരിക്കുന്നത്. മറിച്ച് ഈ പ്രശ്നം ഡാമിന്റെ സുരക്ഷിതത്വം സംബന്ധിച്ചുമാത്രമാണ്. എന്നാൽ സുരക്ഷിതത്വത്തെ സംബന്ധിച്ച് കോടതിയുടെ നിഗമനം ശരിയല്ല. മുല്ലപ്പെരിയാർ ഡാമിന് ചോർച്ചയുണ്ടായ സമയത്ത് ജലനിരപ്പ് 136 അടിയായി താഴ്ത്തുകയാണ് ചെയ്തത്. അങ്ങനെ ചെയ്തത് സെൻട്രൽ വാട്ടർ കമ്മീഷന്റെ നിർദ്ദേശപ്രകാരമായിരുന്നു. സെൻട്രൽ വാട്ടർ കമ്മീഷൻ 1979-ലും തുടർന്നും ഡാമിന്റെ സുരക്ഷിതത്വവും ഉറപ്പും വിശദമായി പരിശോധിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ അടിയന്തിരമായും ദീർഘകാലാടിസ്ഥാനത്തിലും സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച് വിശദമായ റിപ്പോർട്ട് നൽകുകയുമുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ 1980, 1983, 1986, 1997 എന്നീ കാലഘട്ടങ്ങളിൽ പുനഃപരിശോധിക്കുകയും വിലയിരുത്തുകയും ഡാമിന്റെ ജലനിരപ്പ് 136 അടിയിൽനിന്ന് ഉയർത്തരുതെന്ന് നിർദ്ദേശിക്കുകയുമുണ്ടായി. എന്നാൽ ഡാമിൽ ചില അറ്റകുറ്റപ്പണികൾ നടത്തി ജലനിരപ്പ് 136 അടിയിൽ നിന്ന് 142 അടിയിലേക്ക് ഉയർത്താമെന്ന കമ്മീഷന്റെ റിപ്പോർട്ടിൻമേൽ കേരള സംസ്ഥാനത്തിന്റെ പ്രതിനിധിയായി കമ്മിറ്റിയിൽ ഉണ്ടായിരുന്ന അംഗം അങ്ങനെ ചെയ്യരുതെന്ന് പറഞ്ഞ് ശക്തിയായ വിയോജനക്കുറിപ്പ് നൽകുകയുണ്ടായി. ഈ റിപ്പോർട്ട് 2000-ൽ സുപ്രീംകോടതി നിർദ്ദേശപ്രകാരം നിലവിൽവന്ന രണ്ടാമത്തെ വിദഗ്ദ്ധ കമ്മിറ്റി പരിഗണിച്ചില്ല. മാത്രമല്ല മേൽസൂചിപ്പിച്ച അംഗത്തിന്റെ വിയോജനക്കുറിപ്പിന് ആധികാരികതയില്ലെന്ന് പുതിയ കമ്മിറ്റി കണ്ടെത്തിയിട്ടുമില്ല. ഈ കാര്യം സുപ്രീം കോടതിയുടെ ശ്രദ്ധയിൽക്കൊണ്ടുവരാൻ സംസ്ഥാനത്തിനുവേണ്ടി ഹാജരായ അഭിഭാഷകർക്ക് കഴിയാതെ പോയി. ഡാമിന് അപകടം സംഭവിച്ചാൽ ഇടുക്കി, കോട്ടയം, എറണാകുളം, പത്തനംതിട്ട ജില്ലകളിൽ ഏകദേശം 30 ലക്ഷത്തിൽപ്പരം ജനങ്ങളുടെ ആവാസ വ്യവസ്ഥയെ ബാധിക്കുകയും വന്യമൃഗസസ്യജാലങ്ങളെല്ലാം ഈ ഭൂമുഖത്തുനിന്ന്

LIBRARY ARCHIVES Kerala Legislative Assembly

എന്നന്നേക്കുമായി തുത്തെറിയപ്പെടുകയും ലക്ഷക്കണക്കിന് മനുഷ്യരുടെ ശവശരീരങ്ങൾ അറബിക്കടലിൽ എത്തിച്ചേരുകയും ചെയ്യുമെന്നുള്ള ദുരന്തസത്യം ബഹുമാനപ്പെട്ട സുപ്രീം കോടതി കാണാതെ പോയി. തമിഴ്നാട് ഗവൺമെന്റ് സുപ്രീംകോടതിയിൽ ആവശ്യപ്പെട്ടിട്ടുള്ളത് 136 അടിയിൽനിന്ന് 142 അടിയായി ജലനിരപ്പ് ഉയർത്തണമെന്നാണ്. ജലനിരപ്പ് ഉയർത്തണമെന്നുപറഞ്ഞാൽ അതുമൂലമുണ്ടാകുന്ന ജലം തമിഴ്നാട് ഗവൺമെന്റിന് ഇറിഗേഷനും മറ്റ് ആവശ്യങ്ങൾക്കും ഉപയോഗിക്കുകയെന്നുള്ളതാണ്. 1956-ലെ ഇന്റർ സ്റ്റേറ്റ് വാട്ടർ ഡിസ്പ്യൂട്ട് ആക്ടിൽ വാട്ടർ ഡിസ്പ്യൂട്ട്സ്-നെ പറ്റി നിർവ്വചിച്ചിരിക്കുന്നത് വെള്ളത്തിന്റെ ഉപയോഗം, വിതരണം, നിയന്ത്രണം അല്ലെങ്കിൽ കരാറിന്റെ വ്യാഖ്യാനം അഥവാ കരാർ വ്യവസ്ഥ നടപ്പിലാക്കൽ ഇതൊക്കെയാണ്. ഇതിൽനിന്ന് പ്രശ്നം വാട്ടർ ഡിസ്പ്യൂട്ട് ആണെന്ന് സമർത്ഥിക്കേണ്ട വിഷയമാണ്. കേരള സർക്കാരിന് വേണ്ടി സുപ്രീംകോടതിയിൽ ഹാജരായ അഭിഭാഷകർ ഇത് ഒരു വാട്ടർ ഡിസ്പ്യൂട്ട് ആണ് എന്ന് സമർത്ഥിക്കുന്നതിൽ തികച്ചും പരാജയപ്പെട്ടു. വാട്ടർ ഡിസ്പ്യൂട്ടായി കേസ് കൈകാര്യം ചെയ്തിരുന്നെങ്കിൽ ഭരണഘടന പ്രകാരം സുപ്രീം കോടതിക്ക് ഈ വിഷയത്തിലിടപെടാൻ കഴിയുമായിരുന്നില്ല. മറിച്ച് വിഷയം ട്രിബ്യൂണലിന് വിടുകയോ കരാർ വ്യവസ്ഥയുടെ ലംഘനമെന്ന നിലയിൽ ആർബിട്രേഷന് വിടുകയോ ചെയ്യേണ്ടിവരുമായിരുന്നു. 1956-ലെ സ്റ്റേറ്റ് റീ-ഓർഗനൈസേഷൻ ആക്ടിലെ 108-ാം വകുപ്പുപ്രകാരം സ്റ്റേറ്റ് റീ-ഓർഗനൈസ് ചെയ്യുമ്പോൾ മണ്ണ്, ജലം തുടങ്ങിയ വിഭവങ്ങൾ റീ-ഓർഗനൈസ് ചെയ്യുന്ന സംസ്ഥാനങ്ങൾക്ക് ഉപയോഗിക്കാൻവേണ്ടി കരാറിലേർപ്പെടുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. റീ-ഓർഗനൈസേഷൻ പൂർത്തിയായിക്കഴിഞ്ഞാൽ കരാർ വ്യവസ്ഥ കാലാകാലം അനിയന്ത്രിതമായി തുടരണമെന്ന് നിയമത്തിൽ വ്യവസ്ഥയില്ല. പ്രത്യേകിച്ച് ഭരണഘടന നിലവിൽ വന്നശേഷം ഭരണഘടനാനുസൃതമായി വിഭവങ്ങൾ ഉപയോഗപ്പെടുത്താനും അതിനു വേണ്ടി നിയമനിർമ്മാണം നടത്താനും അതാതു സംസ്ഥാനങ്ങൾക്ക് അവകാശമുണ്ട്. സുപ്രീം കോടതി, സ്റ്റേറ്റ് റീ-ഓർഗനൈസേഷൻ ആക്ടിലെ 108-ാം വകുപ്പു പ്രകാരം കരാർ വ്യവസ്ഥ തുടർന്നുകൊണ്ടിരിക്കണമെന്ന് പറയുന്നത് സാമാന്യ നീതിക്ക് നിരക്കുന്നതല്ല. സ്റ്റേറ്റ് റീ-ഓർഗനൈസേഷൻ ആക്ടിന്റെ ലക്ഷ്യവും അതല്ല. ഈ നിയമത്തിൽ പറയുന്ന പ്രകാരം കരാർ വ്യവസ്ഥ തുടരണമെന്നും, നിയമനിർമ്മാണം നടത്താനോ എക്സിക്യൂട്ടീവ് ഓർഡർ ഇറക്കാനോ ഗവൺമെന്റിന് അധികാരമില്ലെന്ന് സുപ്രീം കോടതി വിധിയുടെ 21-ാം ഖണ്ഡികയിലെ അവസാന ഭാഗത്തുണ്ട്. കോടതി വിധിക്കെതിരായുള്ളതാണ് പുതിയ നിയമനിർമ്മാണമെന്ന് വിലയിരുത്താനിടയുണ്ട്. ജലം, മണ്ണ് തുടങ്ങിയവയുടെ ഉപയോഗം സംബന്ധിച്ച പ്രശ്നം ഭരണഘടനാപരമായി സംസ്ഥാനങ്ങൾക്ക് പൂർണ്ണമായി അധികാരപ്പെട്ടതും അവകാശപ്പെട്ടതുമാണെന്ന വസ്തുത ഇനിയെങ്കിലും സർക്കാരും സർക്കാരിനുവേണ്ടി ഹാജരായ അഭിഭാഷകരും കോടതിയെ ബോധ്യപ്പെടുത്തേണ്ടിയിരിക്കുന്നു. ജലനിരപ്പ് ഉയർത്തുമ്പോൾ പരിസ്ഥിതി നാശമുണ്ടാകില്ലെന്നും വന്യമൃഗങ്ങൾക്ക് ഗുണകരമാകുമെന്നുമുള്ള സുപ്രീം കോടതിയുടെ വിലയിരുത്തൽ അടിസ്ഥാനരഹിതവും അശാസ്ത്രീയവുമാണ്. 1979 മുതൽ ജലനിരപ്പ് 136 അടിയായി നിജപ്പെടുത്തി. 1979 മുതൽ ഇത്രയും കാലയളവിൽ ഡാമിന്റെ കാച്ച്മെന്റ് ഏരിയയിൽ മൃഗങ്ങളുടെയും സസ്യങ്ങളുടെയും ആവാസ വ്യവസ്ഥ നിലവിൽ വരികയും ഇക്കോ സിസ്റ്റം നിലനിൽക്കുകയുമാണ്. ജലനിരപ്പ്

LIBRARY ARCHIVES Kerala Legislative Assembly

136 അടിയിൽ നിന്ന് 142 അടി ആയി ഉയർത്തുമ്പോൾ ഈ ആവാസ വ്യവസ്ഥ തകരുകയായിരിക്കും ഫലം. സുപ്രീം കോടതി നിയോഗിച്ച വിദഗ്ദ്ധ സമിതിയിൽ (Ecological & Environmental Committee) ജലനിരപ്പ് 142 അടിയായി ഉയർത്തുമ്പോൾ ഉണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെപ്പറ്റി വിദഗ്ദ്ധമായി പഠിച്ച് റിപ്പോർട്ട് നൽകുവാൻ നിർദ്ദേശിച്ചിരുന്നു. ഈ കമ്മിറ്റിയിൽ വിദഗ്ദ്ധർ ആരെങ്കിലുമുണ്ടായിരുന്നോ എന്ന് സംശയമാണ്. ജലനിരപ്പുയർത്തുമ്പോൾ ഉണ്ടാകുന്ന പരിസ്ഥിതി പ്രശ്നങ്ങൾ സൂക്ഷ്മമായി പഠിക്കണമെന്ന കാര്യത്തിലും സർക്കാരിന്റെ ഭാഗം പരാജയപ്പെട്ടു. ഈ വിധിക്കെതിരെ റിവ്യൂ പെറ്റീഷൻ നൽകിയാൽ ഈ വിധി പറഞ്ഞ ന്യായാധിപൻ തന്നെ അത് പരിഗണിക്കുമെന്നതിനാൽ വിധി പുനഃപരിശോധിക്കാൻ സാധ്യത വളരെ വിരളമാണ്. ആയതിനാൽ ഒരു പ്രമേയത്തിലൂടെ ഈ വിധി സുപ്രീം കോടതിയുടെ ഒരു ഉയർന്ന ബഞ്ചിലേക്ക് റഫർ ചെയ്യാൻ അറ്റോർണി ജനറൽ മുഖേന സംസ്ഥാന നിയമസഭയ്ക്ക് സർക്കാരിനോട് ആവശ്യപ്പെടാവുന്നതാണ്. അതല്ല, നിയമനിർമ്മാണവുമായി മുന്നോട്ടുപോകാനാണ് സർക്കാർ തീരുമാനമെങ്കിൽ അത് വളരെ കരുതലോടെ വേണമെന്ന് ഞാൻ ഈ അവസരത്തിൽ അനുസ്മരിപ്പിക്കുകയാണ്. മുല്ലപ്പെരിയാർ പ്രശ്നത്തിൽ ഇപ്പോൾ കൊണ്ടുവന്നിട്ടുള്ള നിയമത്തിന്റെ സാധുതയെ തമിഴ്നാട് സർക്കാർ സുപ്രീം കോടതിയിൽ ചോദ്യം ചെയ്യാൻ സാധ്യതയുണ്ട് എന്ന് ഞാൻ ആശങ്കപ്പെടുകയാണ്. കേരളവും തമിഴ്നാടും ഇപ്പോൾ നേരിടുന്ന മറ്റൊരു പ്രശ്നം കൂടി ഉണ്ട്. പഞ്ചാബ് ഗവൺമെന്റ് കൊണ്ടുവന്ന നിയമനിർമ്മാണം ഇപ്പോൾ സുപ്രീംകോടതിയുടെ ഭരണഘടനാ ബഞ്ചിൽ ഇരിക്കുകയാണ്. പഞ്ചാബും ഹരിയാനയും തമ്മിൽ സത്‌ലജ് നദിയിലെ ജലം ഉപയോഗിക്കുന്നതിൽ തർക്കം ഉണ്ടായ സമയത്ത് നിയമനിർമ്മാണത്തിന്റെ ഭരണഘടനാസാധുതയെ സുപ്രീംകോടതിയിൽ ചോദ്യം ചെയ്യപ്പെട്ടിരുന്നു. നമ്മുടെ ഈ പുതിയ നിയമനിർമ്മാണവും തമിഴ്നാട് സർക്കാർ സുപ്രീം കോടതിയിൽ ചോദ്യം ചെയ്യുകയാണെങ്കിൽ അതും കോടതിയുടെ ഭരണഘടനാ ബഞ്ചിലേക്ക് പോകുകയായിരിക്കും ഫലം. വെള്ളത്തിന്റെയും മണ്ണിന്റെയും പ്രശ്നത്തെ സംബന്ധിച്ച് നമുക്ക് ശരിയായ രീതിയിൽ തക്കസമയത്ത് കോടതിയെ ബോധ്യപ്പെടുത്താൻ കഴിയാതെ പോയി, സംസ്ഥാന ഗവൺമെന്റ് അത് ശ്രദ്ധിച്ചില്ല. അതുകൊണ്ടുതന്നെ അതു കോടതിയെ മനസ്സിലാക്കിക്കൊടുക്കാൻ അഭിഭാഷകർ ശ്രമിച്ചില്ല. അതിന്റെ ഫലമായിട്ടാണ് ഇങ്ങനെയുണ്ടായത്. കേരളത്തിൽ മുല്ലപ്പെരിയാർ ഡാം സംബന്ധിച്ച് 1886-ൽ ഉണ്ടാക്കിയ കരാർ കൈകാര്യം ചെയ്യുന്നത് ആർബിട്രേഷൻ വഴിയാണ് എന്ന് സൂചിപ്പിച്ചിട്ടുണ്ട്. അതുപോലെതന്നെ 1970-ൽ അച്യുതമേനോൻ ഗവൺമെന്റ് ആർബിട്രേറ്റർ വഴിയാണ് ആ പ്രശ്നത്തിന് പരിഹാരം കാണേണ്ടത് എന്ന് പറഞ്ഞിട്ടുണ്ട്. അപ്പോൾ സംസ്ഥാനത്തിന്റെ മണ്ണ് വെള്ളം എന്നിവയെ സംബന്ധിച്ച കാര്യങ്ങൾ കോടതിയല്ല കൈകാര്യം ചെയ്യേണ്ടത്. രണ്ടുകൂട്ടർക്കും കൂടി അംഗീകരിക്കാവുന്ന ആർബിട്രേറ്ററെ വയ്ക്കുകയും ആർബിട്രേറ്റർ വഴി അതു സംബന്ധിച്ച വിധി ഉണ്ടാവുകയുമാണ് ചെയ്യേണ്ടത്. അങ്ങനെയാണ് തിരുവിതാംകൂർ രാജാവ് അന്നത്തെ ബ്രിട്ടീഷ് ഗവൺമെന്റിന്റെ പ്രാതിനിധ്യത്തോടുകൂടി ഇലക്ട്രിസിറ്റി ഉത്പാദിപ്പിക്കാൻ തുനിഞ്ഞപ്പോൾ അങ്ങനെ ചെയ്യുന്നത് ശരിയല്ല എന്ന് അന്നത്തെ ദിവാൻ ആയിരുന്ന സർ സി. പി. രാമസ്വാമി അയ്യർ വാദിക്കുകയും ട്രൈബ്യൂണൽ

LIBRARY ARCHIVES Kerala Legislative Assembly

അത് അംഗീകരിക്കുകയും തമിഴ്നാടിന്റെ വാദം തള്ളിക്കളയുകയും ചെയ്തത്. പിന്നീട് നമ്മൾ അംഗീകരിച്ചുകൊടുത്തതിന്റെ ഫലമായിട്ടാണ് വൈദ്യുതി ഉത്പാദനം അവിടെ ഉണ്ടായത്. ഈ പ്രശ്നത്തിൽ ഇടപെടാൻ കോടതിക്ക് അധികാരമില്ല. ട്രൈബ്യൂണൽ വഴി രണ്ടുകൂട്ടരും കൂടി അംഗീകരിക്കുന്ന ആർബിട്രേറ്ററെ വച്ചിട്ട് ആർബിട്രേറ്റർ ഇത് കൈകാര്യം ചെയ്യണം. ആ നിലയിൽ ഈ പ്രശ്നം കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനും കോടതിയെ മനസ്സിലാക്കിക്കൊടുക്കുന്നതിനും അഭിഭാഷകരും അവരെ നിയന്ത്രിക്കുന്നതിൽ ഗവൺമെന്റും ദയനീയമായി പരാജയപ്പെട്ടതിന്റെ പരിണതഫലമായിട്ടാണ് ഉത്കണ്ഠാജനകമായ സുപ്രീം കോടതി വിധി ഇപ്പോൾ വന്നിട്ടുള്ളത്. അതിനെ മറികടക്കണം എന്നുണ്ടെങ്കിൽ ഗവൺമെന്റിന് അത്തരത്തിലൊരു ധാരണ വേണം. മണ്ണിന്റെയും വെള്ളത്തിന്റെയും പ്രശ്നം സംസ്ഥാനവിഷയമാണെന്നും ഈ വിഷയത്തിൽ കേരളവും തമിഴ്നാടും തമ്മിലുള്ള തർക്കം പരിഹരിക്കുന്നതിനുവേണ്ടി ആദ്യം ഈ പ്രശ്നം എങ്ങനെ കൈകാര്യം ചെയ്തിരുന്നുവോ അതേപോലെ മാത്രമേ കൈകാര്യം ചെയ്യാൻ പാടുള്ളൂവെന്ന നിലപാട് നാം ശക്തമായി എടുത്തുകൊണ്ട് കോടതിയെ അതു ബോധ്യപ്പെടുത്താൻ ശ്രമിക്കണം. കോടതിയിൽ ഇതിനുമുൻപുണ്ടായ വാദങ്ങളിലും മറ്റുമുണ്ടായ പരാജയം അപ്പോളജെറ്റിക്കലായി സമ്മതിച്ചാലും തരക്കേടില്ല. ബഹുമാനപ്പെട്ട കോടതിയെ ബോധ്യപ്പെടുത്തുന്നതിൽ പരാജയം പറ്റിയിട്ടുണ്ട്. എന്നാൽ യഥാർത്ഥ വസ്തുത എന്താണ്? തിരുവിതാംകൂറും തമിഴ്നാടും തമ്മിലുള്ള ആദ്യകരാറിന്റെ ഉത്ഭവം എന്താണ്? ഈ കരാർ ആണ്, രണ്ടുകൂട്ടർക്കും യോജിക്കാൻ പറ്റിയ ട്രൈബ്യൂണലിനെ വച്ചിട്ട് ആർബിട്രേറ്റർ വഴിയാണ് തീരുമാനം എടുക്കേണ്ടത്. അതിന്റെ പ്രീസിഡന്റ് ഉണ്ട്. ഈ പ്രശ്നത്തിൽ രണ്ടുകൂട്ടരും പറയുന്നത് കേട്ടിട്ട് വിധിയുണ്ടാകാനുള്ള സാധ്യത നിഷേധിക്കപ്പെട്ടത് സർക്കാരിന്റെ നിരുത്തരവാദപരമായ നടപടികൾമൂലമാണ്. ഇവയൊക്കെ മനസ്സിലാക്കിയ സീനിയർ അഭിഭാഷകർക്ക് അത് കോടതിയെ മനസ്സിലാക്കിക്കൊടുക്കാൻ പറ്റിയില്ല. നാൽപ്പതോളം സീനിയർ അഭിഭാഷകരാണ് തമിഴ്നാടിനുവേണ്ടി വാദിക്കാൻ വരുന്നത്. നമ്മുടെ സർക്കാരിനുവേണ്ടി നാലു വക്കീലൻമാരാണ് വാദിക്കാൻ വന്നത്. ആദ്യത്തെ വക്കീൽ കുറേക്കാലം വാദിച്ചു; വക്കാലത്ത് ഫീസ് യഥാസമയം കൊടുക്കാത്തതുകൊണ്ട് അദ്ദേഹം പോയി. രണ്ടാമത്തെ ആളും കുറേനാൾ കൈകാര്യം ചെയ്തിട്ട് വക്കാലത്ത് ഫീസ് വേണ്ടതു പോലെ നൽകാതിരുന്നതിനെതുടർന്ന് ശ്രദ്ധിക്കാതെ പോയി. അവസാനം വിശ്വനാഥ അയ്യർ ഇതൊന്നും കാര്യമായി പഠിക്കാതെ ഒരു വാദം നടത്തി. അതിന്റെ ഫലവും നാം കണ്ടുകഴിഞ്ഞു. അതുകൊണ്ട് ഉത്തരവാദിത്വം ശരിയായ നിലയിൽ ഏറ്റെടുത്തുകൊണ്ട് ഈ കാര്യം നിർവ്വഹിക്കുമോ എന്നുള്ളതാണ് സഭയ്ക്ക് അറിയേണ്ടത്. അവസാനം ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ വേണ്ടി രണ്ട് ദിവസമായി ഞങ്ങളിരുന്ന് ബിൽ പാസാക്കി അയച്ചു. എല്ലാം ഞങ്ങൾ ചെയ്തുകഴിഞ്ഞിരിക്കുന്നു എന്ന് തടിതപ്പാൻ നോക്കേണ്ട. അവസാന സമയത്താണെങ്കിലും കേരളത്തിന്റെ മണ്ണും വെള്ളവും സംരക്ഷിക്കുന്ന കാര്യത്തിൽ പ്രതിപക്ഷം നിങ്ങളുടെ കൂടെയുണ്ട്. ചുമതലാബോധത്തോടുകൂടി ഈ പ്രശ്നത്തിന്റെ യഥാർത്ഥ വശം കോടതിയെ ബോധ്യപ്പെടുത്താൻ ശ്രമിക്കണം. മണ്ണിന്റെയും വെള്ളത്തിന്റെയും പ്രശ്നം സംസ്ഥാന

LIBRARY ARCHIVES Kerala Legislative Assembly

വിഷയമാണ്. ഈ വിഷയങ്ങൾ ആർബിട്രേഷൻ വഴി മാത്രമേ കൈകാര്യം ചെയ്യാൻ സാധിക്കുകയുള്ളുവെന്ന പോയിന്റ് അടിസ്ഥാനപരമായി കോടതിയെ ബോധ്യപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. ഇതുവരെയും നമ്മൾ ആ കാര്യത്തിൽ പരാജയപ്പെട്ടു. പ്രീസിഡന്റ് ചൂണ്ടിക്കാണിക്കാനുണ്ട്. 1886-ലുണ്ടായ ഡിസ്പ്യൂട്ട് ട്രിബ്യൂണൽ വഴിയാണ് പരിഹരിച്ചത്. സർ സി. പി. രാമസ്വാമി അയ്യരുടെ അവസാനകാലത്ത് സംസ്ഥാനത്തെ ദ്രോഹിക്കുന്നതിനുവേണ്ടി ചെയ്യാത്ത ഒരു കാര്യവുമില്ല. അതിനാൽ അദ്ദേഹത്തെ ശരീരത്തിന്റെ ചില ഭാഗത്തൊക്കെ മുറിവേല്പിച്ചു വിടേണ്ടി വന്നുവെങ്കിലും അദ്ദേഹം ആദ്യം കേരളത്തിനുവേണ്ടി, തിരുവിതാംകൂറിനുവേണ്ടി വഹിച്ച അന്തസ്സായ, അഭിമാനജനകമായ കാര്യം വിസ്മരിക്കാൻ കഴിയില്ല. ആർബിട്രേഷനിൽ അദ്ദേഹത്തിന്റെ വാദം ആർബിട്രേറ്റർ അംഗീകരിച്ചു. ഇതിനു പ്രീസിഡന്റുള്ളപ്പോൾ അങ്ങനെയേ ഈ പ്രശ്നം കൈകാര്യം ചെയ്യാൻ പറ്റുകയുള്ളൂ. പ്രീസിഡന്റ് ഇതാണെന്ന് ബഹുമാനപ്പെട്ട കോടതിയെ നമ്മുടെ അഭിഭാഷക ശ്രേഷ്ഠന്മാർക്ക് ബോദ്ധ്യപ്പെടുത്താൻ കഴിഞ്ഞില്ല. ബോദ്ധ്യപ്പെടുത്തണമെങ്കിൽ അതിന് നേതൃത്വം കൊടുക്കുന്ന സർക്കാർ ഇങ്ങനെയാണ് നിങ്ങൾ വാദിക്കേണ്ടതെന്ന് അവരെ ബോദ്ധ്യപ്പെടുത്തേണ്ടിയിരുന്നു. അത് നിങ്ങളും ചെയ്തില്ല. അതിന്റെയെല്ലാം ഫലമായിട്ടാണ് ഇതുണ്ടായിട്ടുള്ളത്. അത് പരിഹരിക്കുന്നതിനുവേണ്ടിയുള്ള ഏത് ശ്രമത്തിനും നിങ്ങൾക്ക് പിന്തുണയായി പ്രതിപക്ഷമുണ്ടായിരിക്കുമെന്ന് അറിയിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, കേരളത്തിലെ ജനങ്ങളുടെ യഥാർത്ഥ വികാരമാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇപ്പോൾ സഭയിൽ പ്രകടിപ്പിച്ചത്. തീർച്ചയായും നമ്മുടെ സർക്കാരിന്റെ കഴിഞ്ഞകാല പ്രവർത്തനങ്ങളിലുണ്ടായ തെറ്റുകൾ കണ്ടില്ലെന്നുവയ്ക്കാൻ കഴിയില്ല. വെള്ളം മിച്ചമാണെന്നുള്ള ചിന്താഗതിയാണ് നമ്മളെ ഈ പരുവമാക്കിയതെന്നാണ് എന്റെ അഭിപ്രായം. ഞാൻ സമയം കളയുന്നില്ല; ദീർഘമായി പറയുന്നില്ല. അങ്ങ് നിയമം കൊണ്ടുവന്നപ്പോൾ ഞാൻ ഈ സഭയിൽ പറഞ്ഞതുമാത്രമേ ഓർമ്മിപ്പിക്കുന്നുള്ളൂ. അന്തർ സംസ്ഥാന നദീജലം സംബന്ധിച്ച് എന്തുകൊണ്ട് ഒരു സീരിയസ്സായ അപ്രോച്ച് എടുക്കാൻ നമ്മുടെ ഗവൺമെന്റുകൾക്ക് കഴിയുന്നില്ല? നമ്മൾ ആലോചിക്കേണ്ടതല്ലേ? അന്ന് ഈ സഭയിൽ ഞാൻ പറഞ്ഞ ഒരു കാര്യം മാത്രമേ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നുള്ളൂ. ഒരു സീനിയർ ഐ.എ.എസ്. ഉദ്യോഗസ്ഥനെ എന്തുകൊണ്ട് മുല്ലപ്പെരിയാറിന്റെ കാര്യത്തിൽ മാത്രമല്ല, നദീജലം സംബന്ധിച്ച പൂർണ്ണമായ ചുമതല ഏല്പിച്ചുകൂടാ? ഒരു സീനിയർ ഐ.എ.എസ്. ഉദ്യോഗസ്ഥനെയും അദ്ദേഹത്തെ സഹായിക്കാനാവശ്യമായ ഉദ്യോഗസ്ഥ വൃന്ദത്തെയും നിയമിച്ചുകൊണ്ട് എന്തുകൊണ്ട് നമുക്ക് മുമ്പോട്ടുപോകാൻ കഴിയുന്നില്ല? ഞാൻ തന്നെ ഈ ആവശ്യം നിരവധിതവണ സഭയിൽ ഉന്നയിച്ചതാണ്. അതുകൊണ്ടാണ് വീണ്ടും ഇതുപറയുന്നത്. സുപ്രീംകോടതി വിധിയുടെ കാര്യത്തിൽ ഇത്രമാത്രം ദയനീയമായ പരാജയം ഏറ്റുവാങ്ങേണ്ട ഗതികേട് കേരള സംസ്ഥാനത്ത് ഉണ്ടായി എന്നുപറഞ്ഞാൽ ദുഃഖകരമല്ലേ? എന്തുകൊണ്ട് ഇനിയെങ്കിലും നമുക്ക് കൊള്ളാവുന്ന ഒരു സീനിയർ ഐ.എ.എസ്. ഉദ്യോഗസ്ഥനെ

LIBRARY ARCHIVES Kerala Legislative Assembly

ചുമതലപ്പെടുത്തിക്കൊണ്ട്, അന്തർ സംസ്ഥാന നദീജലം സംബന്ധിച്ച പൂർണ്ണമായ ചുമതല ഏൽപ്പിച്ചുകൊണ്ട് മുന്നോട്ടുപോയിക്കൂടാ? ആ കാര്യത്തിൽ നമ്മുടെ ഗവൺമെന്റ് ഇപ്പോഴും ശരിയായ രീതിയിൽ ചിന്തിക്കുന്നില്ല എന്നുള്ള പരാതിയാണ് എനിക്കുള്ളത്. മുല്ലപ്പെരിയാർ ഇഷ്യൂ രണ്ടു സംസ്ഥാനങ്ങളിലെ ജനങ്ങൾ തമ്മിലുള്ള തർക്കമായി മാറുന്ന നിലയിലേക്ക് വരികയാണ് എന്നുപറഞ്ഞാൽ ഭാരതത്തിന്റെ അഖണ്ഡതയെപ്പോലും ചോദ്യം ചെയ്യപ്പെടുന്ന നിലയിലേക്കല്ലേ പോകുന്നത്? ചിന്തിക്കാതിരിക്കാൻ കഴിയുമോ? തമിഴ്നാടിന് ജലം കൊടുക്കുന്നതിന് കേരളത്തിലെ ജനങ്ങളാരും എതിരല്ല. പക്ഷേ അതിനൊരു സാമാന്യ നീതിയും മര്യാദയുമുണ്ട്. ആ നീതിയും മര്യാദയും ലംഘിച്ചുകൊണ്ട് കേരളത്തിന്റെ വെള്ളം പിടിച്ചുപറിച്ചുകൊണ്ട് പോകുമെന്ന നിലയിലേക്ക് അഹങ്കാരത്തോടുകൂടി, ധാർഷ്ട്യത്തോടുകൂടി നമ്മുടെ അയൽ സംസ്ഥാനവും ഗവൺമെന്റും നീങ്ങിയാൽ അത് വകവച്ചുകൊടുക്കുന്നത് കേരളത്തിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം അപമാനകരമാണ്. തീർച്ചയായും ആവശ്യത്തിന് ജലം തമിഴ്നാടിന് കൊടുക്കണമെന്ന അഭിപ്രായം തന്നെ ഞാൻ രേഖപ്പെടുത്തുന്നു. പക്ഷേ അത് പിടിച്ചുപറിച്ചു കൊണ്ടുപോകാൻ അനുവദിക്കുകയില്ല. നിയമത്തിലൂടെ, ചർച്ചയിലൂടെ, സൗമനസ്യത്തിലൂടെ വെള്ളം കൊടുക്കുന്ന ഒരു നിലയിലേക്ക്, തമിഴ്നാട്ടിലെ ജനതയ്ക്ക് വെള്ളം കൊടുക്കുന്ന ജനതയാണ് മലയാളികളെന്ന് ബോദ്ധ്യപ്പെടുത്താനുള്ള ചുമതലയുംകൂടി നമുക്കുണ്ടെന്നാണ് എന്റെ അഭിപ്രായം. അങ്ങ് സമയം അനുവദിച്ചതിനു നന്ദി. ദീർഘമായി ഒന്നും പറയുന്നില്ല. ഒരു കാര്യം വീണ്ടും പറയുന്നു, ഇത് ഒരു പ്രത്യേകം വകുപ്പാക്കിക്കൊണ്ട് സീനിയർ ഐ.എ.എസ്. ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി കേരളത്തിലെ ജനസമൂഹം ഇനിയെങ്കിലും ഇങ്ങനെ അബദ്ധത്തിൽ പോയി ചാടാതിരിക്കാനുള്ള നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകണം. അതുമാത്രമേ എനിക്ക് പറയാനുള്ളൂ. ഈ നിയമത്തെ ഞാൻ അനുകൂലിക്കുന്നു. ഈ നിയമം പാസ്സായതുകൊണ്ടുമാത്രം നമ്മൾ രക്ഷപ്പെടുമെന്നുള്ള വിശ്വാസമൊന്നും എനിക്കില്ല. ഈ നിയമത്തിന് അതീതമായി ശക്തമായ നിലപാടുകൾ സ്വീകരിക്കണം. ഇടുക്കി, കോട്ടയം, പത്തനംതിട്ട, ആലപ്പുഴ എന്നീ നാല് ജില്ലകളിലെ ജനങ്ങളാണ് ബുദ്ധിമുട്ട് അനുഭവിക്കാൻ പോകുന്നത്. ആ ഡാമിനെപ്പറ്റി കൊടുത്തിരിക്കുന്ന റിപ്പോർട്ടുപോലും തെറ്റല്ലേ? സമയക്കുറവുമൂലം ഞാൻ അതിലേക്ക് കടക്കുന്നില്ല. ആ നിലയിൽ ഇത്രമാത്രം മോശമായ റിപ്പോർട്ടുവച്ചുകൊണ്ട് ബഹുമാനപ്പെട്ട സുപ്രീം കോടതി ഇതുപോലെ വിധിപറയുന്ന സാഹചര്യവും ഒഴിവാക്കപ്പെടേണ്ടതല്ലേ? സുപ്രീം കോടതി പരമോന്നത നീതിപീഠമാണ്, തർക്കമില്ല. പക്ഷേ എന്തും പറയാനുള്ള അവകാശം സുപ്രീം കോടതിക്കില്ല. കേരളത്തിലെ 5 ജില്ലയിലെ 30-35 ലക്ഷത്തോളം വരുന്ന ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം കൊടുക്കാൻ ചുമതലപ്പെട്ട കോടതിക്ക് അവരുടെ ജീവനും സ്വത്തിനും സംരക്ഷണമില്ലെന്നു വിധിപറയാൻ എന്ത് അവകാശമാണ് ഉള്ളത്? ആ നിലയിൽ പറഞ്ഞാലും കൊല്ലുമെന്നുള്ള ഭീഷണിയൊന്നും നമ്മുടെ മുന്നിലില്ല. സത്യം

LIBRARY ARCHIVES Kerala Legislative Assembly

തുറന്നുപറയാൻ മടിക്കേണ്ട കാര്യവുമില്ല. ഞാൻ ചുരുക്കുന്നു, ഈ നിയമത്തെ അനുകൂലിക്കുന്നു. അല്പംകൂടി ശുഷ്കാന്തി ഈ കാര്യത്തിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്ന് താത്പര്യപ്പെടുന്നു.

ശ്രീ. ടി. എം. ജേക്കബ്: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ വികാരപരമായി ഈ പ്രശ്നത്തെ സമീപിച്ചു. തീർച്ചയായും സംസ്ഥാനത്തിന്റെ ഒരു പൊതുതാത്പര്യം ഈ കാര്യത്തിലുണ്ട്. ഞാൻ തർക്കത്തിനൊന്നുമില്ല. പക്ഷേ അദ്ദേഹം കൂടി മനസ്സിലാക്കാനുള്ള ഒരു കാര്യം ഉണ്ട്. സുപ്രീം കോടതിയിൽ ഈ കേസ് എത്തിയത് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്താണ്. ഞാൻ രാഷ്ട്രീയം പറയുകയല്ല; ആ കാലം മുതലിങ്ങോട്ട് തുടർച്ചയായി നേരിട്ട് നമ്മൾ ഈ പ്രശ്നത്തിന്മേൽ സ്വീകരിച്ച സമീപനവും സുപ്രീം കോടതിയിൽ ബോദ്ധ്യപ്പെടുത്തിയ കാര്യവും ഞാൻ ഇന്നലെ പറഞ്ഞു കഴിഞ്ഞു. അതൊന്നും ഞാൻ ആവർത്തിക്കുന്നില്ല. നമ്മൾ സുപ്രീംകോടതിയിൽ കാര്യങ്ങൾ പറയാത്തതുകൊണ്ടാണ് ഇങ്ങനെയൊരു വിധി വന്നതെന്നുള്ള നിഗമനത്തിൽ ഈ സഭ എത്തിച്ചേരരുത്. അങ്ങനെയൊരു ധാരണ ഉണ്ടാക്കരുത് എന്നുള്ള ഒരു റിക്വസ്റ്റ് എനിക്കുണ്ട്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, മുൻ കാലങ്ങളിലുള്ള ഗവൺമെന്റുകളെല്ലാം ശരിചെയ്തു എന്നുള്ള ധാരണയിൽ ഈ സഭ എത്തണമെന്നാണോ അങ്ങ് ഉദ്ദേശിക്കുന്നത്?

ശ്രീ. ടി. എം. ജേക്കബ്: ഞാൻ പറഞ്ഞല്ലോ, ഒരു തർക്കത്തിനില്ല എന്ന്. ഈ സംഭവത്തിന്റെ തുടക്കം ഇ. കെ. നായനാർ മുഖ്യമന്ത്രിയായിരുന്ന കാലത്താണ്. അവിടെനിന്ന് ഇങ്ങോട്ടുള്ള ഓരോ സംഭവവികാസവും വിശകലനം ചെയ്തു നോക്കിയാൽ സുപ്രീം കോടതിയെ കാര്യങ്ങൾ ബോദ്ധ്യപ്പെടുത്തുന്നതിൽ നമ്മൾ വീഴ്ച വരുത്തിയിട്ടില്ല എന്നു കാണാം. ഞാൻ ആ കാര്യത്തിൽ ഉറച്ചുനിൽക്കുകയാണ്. കാരണം ഞാൻ ഇന്നലെ ഈ സഭയിൽ പറഞ്ഞ കാര്യങ്ങളുണ്ട്. സുപ്രീം കോടതി വിധിയുടെ പകർപ്പ് എന്റെ കൈയിലുണ്ട്. സുപ്രീം കോടതി എത്തിയ നിഗമനങ്ങൾ നമ്മൾ പറയാത്തതും എഗ്രിമെന്റിൽ ഇല്ലാത്തതുമായ കാര്യങ്ങളെ സംബന്ധിച്ചാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ, അതാണ് വിഷയം. നമ്മൾ കോടതിയിൽ പറയാത്ത ഒരു കാര്യം, കോടതിയിൽ ആരും പറയാത്ത ഒരു കാര്യം, എഗ്രിമെന്റിൽ ഇല്ലാത്ത കാര്യം അതുണ്ടെന്നുപറഞ്ഞ് സുപ്രീം കോടതി ഒരുവിധി എഴുതിയിട്ടുണ്ടെങ്കിൽ ആ വിധി തികച്ചും തെറ്റാണ്. അത് വളരെ പാർശ്വലാണ്, ഈ സ്റ്റേറ്റിനോട് കാണിച്ച അനീതിയാണ്. ആ ഒരു പോയിന്റിലാണ് ഈ സഭ നിൽക്കേണ്ടത്.

ശ്രീ. എ. എൻ. രാജൻ ബാബു: സർ, ഇതിന്റെ ടേംസ് ഓഫ് റഫറൻസ് എന്നുപറയുന്നത് ഡാമിന്റെ ബലക്ഷയമായിരുന്നു. ആ ടേംസ് ഓഫ് റഫറൻസ് മാറിപ്പോയത് ഇ. കെ. നായനാർ മുഖ്യമന്ത്രിയായിരുന്ന കാലത്താണ്. ....(ബഹളം).....

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ്: ഞാൻ ഒരു തർക്കത്തിനില്ലെന്ന് നേരത്തെ പറഞ്ഞു. ഞാൻ തർക്കിക്കാൻ തയ്യാറാകുന്നുമില്ല. മൂന്നാം വായനയിൽ ഞാൻ ഒരു കാര്യം മാത്രം പറയുന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞപ്പോൾ ചില കാര്യങ്ങൾ അദ്ദേഹത്തിന്റെ ശ്രദ്ധയിൽ വരേണ്ടതാവശ്യമായിരുന്നു എന്ന് സൂചിപ്പിച്ചത് മാത്രമേയുള്ളൂ. ഒരു കാര്യം ഈ സഭ മനസ്സിലാക്കാനുള്ളത് ഭവാനി നദിയുടെ ഒരു ട്രിബ്യൂട്ടറിയാണ് അട്ടപ്പാടിയിൽ നിന്ന് ആരംഭിക്കുന്നത്. അതിൽ മുക്കാലി എന്ന സ്ഥലത്ത് ഒരു ഡൈവെർഷൻ വിയർ കെട്ടാൻ തീരുമാനിച്ചു. ഈ സഭ വളരെ വികാരപരമായി ഈ പ്രശ്നത്തെ സമീപിക്കുകയാണല്ലോ. ആ വിയറിന്റെ ഹൈറ്റ് 2.6 മീറ്ററും ലെങ്ത് 60 മീറ്ററുമാണ്. അതിനുശേഷം വരുന്ന ഡൈവെർഷൻ കനാൽ നാല് കിലോമീറ്ററാണ്. അവിടെ ഡൈവർട്ട് ചെയ്യാൻ വേണ്ടി സജസ്റ്റു ചെയ്ത വെള്ളം 0.718 ടി. എം. സി. ആണ്. ഈ പ്രശ്നം വന്ന സമയത്ത് നമ്മുടെ സ്റ്റേറ്റിന് ഒരുമിച്ച് ഒരു സ്റ്റാന്റെടുക്കാൻ പറ്റിയോ? പറ്റിയില്ല. അന്ന് ഒരുമിച്ച് ഒരു സ്റ്റാന്റെടുത്തിരുന്നുവെങ്കിൽ ഈ മുല്ലപ്പെരിയാർ ഇഷ്യൂ ഇപ്പോൾ വരില്ലായിരുന്നു.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: ബഹുമാനപ്പെട്ട ടി. എം. ജേക്കബ്, നിങ്ങൾ ഈ പ്രശ്നം ഡൈവർട്ട് ചെയ്യാൻ ശ്രമിക്കരുത്. അട്ടപ്പാടിയിലെ പാവപ്പെട്ട ആദിവാസികൾക്ക് വെള്ളം കൊടുക്കാതെ ഒരു വശത്തേക്ക് വെള്ളം തിരിച്ചു കൊണ്ടുപോകാൻ നിങ്ങൾ ശ്രമിച്ചപ്പോഴാണ് ഞങ്ങൾ അതിനു സഹകരിക്കാതിരുന്നത്. സഹകരിച്ചിരുന്നെങ്കിൽ എന്ന് പറഞ്ഞാൽ അതിന്റെ അർത്ഥം അട്ടപ്പാടിയിലെ പാവപ്പെട്ട ആളുകൾക്ക് വെള്ളം കൊടുക്കാതിരിക്കാനുള്ള നിങ്ങളുടെ ശ്രമങ്ങൾക്ക് ഞങ്ങൾ കൂട്ടു നിന്നുവെന്നാണ്. മുല്ലപ്പെരിയാറിന്റെ ഇപ്പോഴത്തെ പ്രശ്നത്തിൽ നിന്നും ഡൈവർട്ടു ചെയ്ത്, സ്വന്തം കാലത്തെ ന്യായീകരിക്കാൻ നിങ്ങൾ ഇപ്പോൾ ശ്രമിക്കുന്നത് വിഫലമാണ്. രണ്ടാം വായനയിൽ നിങ്ങൾ സംസാരിച്ചു കഴിഞ്ഞു. അപ്പോൾ ഞാൻ ഇല്ലായിരുന്നു എന്നു തന്നെ വച്ചോളൂ. എന്നെ മനസ്സിലാക്കിത്തരാനാണെന്നു പറഞ്ഞുകൊണ്ട് നിങ്ങൾ നടത്തുന്ന ശ്രമം, നിങ്ങൾ ഭരിച്ചിരുന്ന കാലത്ത് കൈക്കൊണ്ട തീരുമാനങ്ങളെല്ലാം ശരിയായിരുന്നു എന്നു വരുത്തിത്തീർക്കാനാണ്. എന്നിട്ട് കോടതി ഒരു അബദ്ധമായ വിധി പുറപ്പെടുവിച്ചിരുന്നു. നമ്മൾ എല്ലാംകൂടി അതിനെ എതിർത്തു കൊള്ളണം എന്നു പറയുകയാണ്. കോടതിയുടെ ശ്രദ്ധയിൽ നമ്മുടെ ഭാഗം ഭംഗിയായി കൊണ്ടുവരുന്നതിൽ വീഴ്ച പറ്റിയിട്ടുണ്ടാകാം എന്നു ധരിച്ചുകൊണ്ട് ഇതിനെ സമീപിക്കണം. 1886-ൽ ഈ പ്രശ്നം ട്രിബ്യൂണലിലും ആർബിട്രേഷനിലുമാണ് തുടങ്ങിയത്. അച്യുതമേനോൻ ഭേദഗതി വരുത്തിയപ്പോൾ അദ്ദേഹവും ആർബിട്രേഷൻ ക്ളാസ്സ് എടുത്തു പറഞ്ഞിരുന്നു. അങ്ങനെയുള്ളത് കോടതിയിൽ എങ്ങനെ പോയി?

ശ്രീ. ടി. എം. ജേക്കബ്: അതാണ് അത്ഭുതകരമായ സംഗതി. ആർബിട്രേഷൻ ക്ളാസ്സ് 1970-ൽ എടുത്തു കളഞ്ഞു എന്ന് സുപ്രീംകോടതി വിധിയിൽ പറഞ്ഞിരിക്കുകയാണ്. അത് തെറ്റാണ്. അങ്ങയുടെ അഭിപ്രായത്തോട് ഞാനും

യോജിക്കുകയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഒരു കാര്യം ഇവിടെ സൂചിപ്പിച്ചല്ലോ അട്ടപ്പാടിയിലെ ജനങ്ങൾക്ക് വെള്ളം കൊടുക്കുന്ന കാര്യത്തിൽ അങ്ങയുടെ നിർദ്ദേശം അനുസരിച്ചു തന്നെ ഏഴ് ചെക്കു ഡാമുകൾ അവിടെ കെട്ടാമെന്നു സമ്മതിച്ചതാണ്. മുക്കാലി വിയർ വന്നിരുന്നുവെങ്കിൽ ഈ ഇഷ്യൂവിൽ ഒരു ഔട്ട്സൈഡ് കോർട്ട് സെറ്റിൽമെന്റിന് തമിഴ്നാട് നിർബന്ധിതമാകുമായിരുന്നു. അത് നടന്നില്ല. അതുപോലെതന്നെ കാവേരി പ്രശ്നത്തിൽ, 1994-ൽ വന്ന ഗവൺമെന്റ് ഏറ്റവും ഇഫക്ടീവായ സ്റ്റെപ്സ് എടുത്ത് കാവേരി സെല്ലും മറ്റു കാര്യങ്ങളുമൊക്കെയുണ്ടാക്കി. അന്തർസംസ്ഥാന നദീജല തർക്കത്തെ സംബന്ധിച്ചിടത്തോളം അർഹമായ വെള്ളം കിട്ടാനുള്ള നിലപാടിൽ ഈ സഭ ഒരുമിച്ചു നിൽക്കുകയാണ് വേണ്ടത്. അതിൽ ഒരു അഭിപ്രായ വ്യത്യാസം ഉണ്ടാകരുത് എന്നാണ് എനിക്കു പറയാനുള്ളത്.

<u>ശ്രീ. കെ. ശങ്കരനാരായണൻ:</u> സർ, ഈ നിയമസഭ പ്രത്യേകമായി വിളിച്ചുകൂട്ടാനുണ്ടായ പ്രധാന കാരണം, മുല്ലപ്പെരിയാർ ഡാമിന്റെ ശക്തിക്കുറവ് കേരളത്തിലെ ജനങ്ങൾക്കും ഗവൺമെന്റിനും മനസ്സിലായതിന്റെ പശ്ചാത്തലത്തിലാണ്. 110 വർഷം പഴക്കമുള്ള ഡാമിന്റെ ശക്തിക്കുറവ് 1957-നുശേഷം വന്ന എല്ലാ ഗവൺമെന്റുകൾക്കും ജനങ്ങൾക്കും മനസ്സിലായിട്ടുണ്ടെന്നുള്ള കാര്യം മനസിലാക്കണം. ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ദേഹത്തിന്റെ ആമുഖ പ്രസംഗത്തിൽ സൂചിപ്പിച്ചപ്പോഴും, മന്ത്രി ബിൽ അവതരിപ്പിച്ച് സംസാരിച്ചപ്പോഴും, മെമ്പർമാർ സംസാരിച്ചപ്പോഴും, ഇന്ന് പ്രതിപക്ഷനേതാവ് സംസാരിച്ചപ്പോഴും, അതിന്റെ മുഴുവൻ വികാരങ്ങളും ഉൾക്കൊണ്ടു കൊണ്ടു തന്നെയാണ് സംസാരിച്ചത്. തമിഴ്നാടിന് വെള്ളം കൊടുക്കണമോ കേരളത്തിന് വെള്ളം വേണ്ടയോ എന്നുള്ളതല്ല; കേരളത്തിലെ മൂന്ന് നാല് ജില്ലകളിലെ ജനങ്ങളുടെ ഭാവിയേയും ആയുസ്സിനെയും ഭൂമിയേയും സംബന്ധിച്ച പ്രബലമായ വികാരമാണ് ഇതിൽ പ്രധാനമായിട്ടുള്ള ഘടകം. തമിഴ്നാടും കേരളവും തമ്മിൽ സ്പർദ്ധ ഉണ്ടാക്കുവാനോ കുറയ്ക്കുവാനോ അല്ല നാം ശ്രമിക്കേണ്ടത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൂചിപ്പിച്ചതുപോലെ ഒരു പുതിയ ഡാം ഉണ്ടാക്കുന്നതിന് തീരുമാനം എടുത്തുകൊണ്ട് അതിന് പരിഹാരമുണ്ടാക്കാൻ ശ്രമിക്കണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി <u>(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):</u> സർ, ഈ സഭയിലുള്ള എല്ലാ അംഗങ്ങളോടും നന്ദി പറയാനാണ് ഞാൻ ഈ സന്ദർഭം വിനിയോഗിക്കുന്നത്. ഇതു ഒരു ചരിത്രമുഹൂർത്തമാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം ഇതുപോലൊരു കാര്യത്തിൽ, സഭ മുഴുവനും ഒരേ വികാരത്തിൽ കേരളത്തിലെ ജനങ്ങളുടെ പ്രശ്നത്തിൽ ഒരുമിച്ചു നിൽക്കുവാൻ കഴിയുമെന്ന് തെളിയിക്കുന്ന ചരിത്രത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു മുഹൂർത്തമായിട്ടാണ് ഞാൻ ഇതിനെ കാണുന്നത്. അതിനോട് സഹകരിച്ച എല്ലാവരോടും ഞാൻ നന്ദി പറയുന്നു. ഭരണഘടനാപരമായ ചില പ്രശ്നങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

പറയുകയുണ്ടായി. ഭരണഘടനാപരമായ സാംഗത്യത്തെക്കുറിച്ച് ഇന്നലെ ഞാൻ സൂചിപ്പിച്ചിരുന്നു. 1956-ലെ സ്റ്റേറ്റ് റീ ഓർഗനൈസേഷൻ ആക്ട് അനുസരിച്ചുള്ള നമ്മുടെ അധികാരത്തെക്കുറിച്ച് അദ്ദേഹം പറഞ്ഞു. ആ അധികാരം ആവർത്തിച്ച് ഉറപ്പിച്ചുകൊണ്ടുള്ളതുതന്നെയാണ് നമ്മുടെ ഇപ്പോഴത്തെ നിയമം. ആ നിയമത്തിൽ അപാകതകളൊന്നുമുണ്ടാകുന്ന പ്രശ്നമില്ല. ഇന്ത്യൻ കോൺട്രാക്ട് ആക്ടിലെ 23-ാം വ്യവസ്ഥയെക്കുറിച്ച് അദ്ദേഹം പറഞ്ഞതുകൊണ്ട് ഞാൻ ഒരിക്കൽക്കൂടി ആവർത്തിക്കുകയാണ്. ഇന്ത്യൻ കോൺട്രാക്ട് ആക്ടിലെ 23-ാം വ്യവസ്ഥയനുസരിച്ച്, ...if it involves or implies, injury to the person or property of another..... അങ്ങനെ വന്നാൽ ആ കോൺട്രാക്ട് ആക്ടനുസരിച്ചുതന്നെ നമുക്ക് നീങ്ങുന്നതിനുള്ള വ്യവസ്ഥയുണ്ട്. സ്റ്റേറ്റ് റീ ഓർഗനൈസേഷൻ ആക്ട് 108-ാം വകുപ്പുപ്രകാരം വിരുദ്ധമല്ല. ഇതിന്റെ അടിസ്ഥാനത്തിലാണ് നമ്മൾ പോയിട്ടുള്ളത്. അതുകൊണ്ട് ഈ നിയമത്തെ സംബന്ധിച്ചിടത്തോളം പ്രശ്നങ്ങൾ ഉണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നില്ല. ഈ കേസ്സിന് ഒരു ക്രൊണോളജിക്കൽ ഓർഡർ ഉണ്ട്. ഇതു സുപ്രീംകോടതിയിൽ ചെല്ലാനുള്ള കാരണം നമ്മളൊന്നുമല്ല. സുപ്രീംകോടതിയിൽ ഈ കേസ് എത്താനുള്ള കാരണം ശ്രീ. സുബ്രഹ്മണ്യംസ്വാമി കൊടുത്ത ഒരു ട്രാൻസ്ഫർ പെറ്റീഷനാണ്. മദ്രാസ് ഹൈക്കോടതിയിൽ ഒരു കേസ് വന്നു. ഇക്കാര്യത്തിൽ ഇന്ററസ്റ്റഡ് ആയിട്ടുള്ള നമ്മുടെ സംസ്ഥാനത്തെ ചില എൻ.ജി.ഒ-മാർ കേസ് കേരള ഹൈക്കോടതിയിൽ കൊടുത്തു. ഈ കേസ്സുകളെല്ലാം മുല്ലപ്പെരിയാറിനെ ബാധിക്കുന്ന പ്രശ്നങ്ങളാണ്. ഇതെല്ലാം ട്രാൻസ്ഫർ ചെയ്ത് സുപ്രീംകോടതിയിലാക്കണമെന്ന ശ്രീ. സുബ്രഹ്മണ്യംസ്വാമിയുടെ കേസ് വന്നു. അങ്ങനെ ട്രാൻസ്ഫർ പെറ്റീഷന്റെ അടിസ്ഥാനത്തിൽ സുപ്രീംകോടതിയിൽ വന്നതാണ്. അതുകൊണ്ട് ആർബിട്രേഷൻ വ്യവസ്ഥയും മറ്റ് വ്യവസ്ഥകളുമായി ഇത് ബന്ധപ്പെടുത്തേണ്ട കാര്യമില്ല. കോടതിയിൽ ചെല്ലുകയല്ലാതെ മറ്റൊരു മാർഗ്ഗവുമില്ലാത്തതുകൊണ്ട് സുപ്രീം കോടതിയിൽ എത്തി. സുപ്രീംകോടതിയുടെ വിധിയാണ് അതിനുശേഷം വന്നിട്ടുള്ളത്. ഈ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി ഗവൺമെന്റ് ഓഫ് ഇന്ത്യ തലത്തിലും അവർ ശ്രമിച്ചിട്ടുണ്ട്. മുഖ്യമന്ത്രി തലത്തിൽ സംസാരിച്ചു തീർക്കാൻ നോക്കി, സാങ്കേതികമായ രൂപത്തിലും നോക്കി. അവസാനം ഒരു എംപവേർഡ് കമ്മിറ്റിയെ വയ്ക്കാൻ അവർ തന്നെ തീരുമാനിച്ചു. ആ എംപവേർഡ് കമ്മിറ്റിയുടെ റിപ്പോർട്ടും വന്നു. നമ്മുടെ മുമ്പിൽ എല്ലാംതന്നെ തുറന്ന പുസ്തകമാണ്. ഞാൻ കുറ്റപ്പെടുത്തുന്നതിനുവേണ്ടി ഒരു രേഖയും എടുക്കാൻ ആഗ്രഹിക്കുന്നില്ല. 2000-ൽ രൂപീകരിച്ച എംപവേർഡ് കമ്മിറ്റിയുടെ റിപ്പോർട്ട് 2001 മാർച്ച് മാസത്തിൽ സബ്മിറ്റു ചെയ്തു. ആ റിപ്പോർട്ട് ആധികാരിക രേഖയാക്കി എടുത്തുകൊണ്ടാണ് സുപ്രീംകോടതി ഇപ്പോൾ ഈ വിധി പ്രഖ്യാപിച്ചിട്ടുള്ളത്. സുപ്രീംകോടതിയുടെ മൂന്നംഗ ബഞ്ചാണ് ഇത് കൈകാര്യം ചെയ്യുന്നത്. ആ മൂന്നംഗ ബഞ്ചിൽ ചീഫ് ജസ്റ്റീസും കൂടിയുണ്ട്. ചീഫ് ജസ്റ്റീസ് അടക്കമുള്ള മൂന്നംഗ ബഞ്ച് എടുത്ത തീരുമാനത്തിനെതിരെ അവിടെത്തന്നെ നമ്മൾ റിവ്യൂ പെറ്റീഷൻ കൊടുത്താൽ ചില പ്രശ്നങ്ങളുണ്ടാകും. സുപ്രീംകോടതിയിലെ റിവ്യൂ പെറ്റീഷൻ

LIBRARY ARCHIVES Kerala Legislative Assembly

ഹൈക്കോടതിയിലെ റിവ്യൂ പെറ്റീഷൻ പോലെയല്ല. സുപ്രീംകോടതിയിലെ റിവ്യൂ പെറ്റീഷൻ ചേമ്പറിൽ വച്ചു തന്നെ അവർക്ക് ചർച്ച ചെയ്തു തീർക്കാവുന്നതാണ്. ഓപ്പൺ ആർഗ്യുമെന്റിനുള്ള സാധ്യതകൾ അതിൽ വളരെ വിരളമാണ്. എന്തെങ്കിലും സാധ്യതകളുണ്ടെങ്കിൽ വേണമെങ്കിൽ ഓപ്പൺ കോർട്ടിൽ കൊണ്ടുവരാം. അല്ലെങ്കിൽ കൊണ്ടുവരാതിരിക്കാം. നമ്മുടെ കൂടി വാദം കേട്ടതിനുശേഷം എടുത്ത ഒരു തീരുമാനത്തിൽ റിവ്യൂ പെറ്റീഷൻ കൊടുത്തതിനുശേഷം നമ്മുടെ വാദം കേൾക്കാതെ ഒരു തീരുമാനം വന്നാൽ എന്താണ് ചെയ്യുക? അവിടെയാണ് നിയമ വിദഗ്ദ്ധരുടെ അഭിപ്രായം പൂർണ്ണമായും തേടേണ്ടത്. ഒരു കതകും നമ്മൾ അടയ്ക്കുന്നില്ല. നിയമ വിദഗ്ദ്ധരുടെ അഭിപ്രായം തേടിയതിനുശേഷം മറ്റ് കാര്യങ്ങളിലേക്ക് പോകുന്നതാണ്. സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഈ കാര്യത്തിൽ ഒരുമിച്ചു മുന്നോട്ടു പോകുകയാണ് വേണ്ടത്. തമിഴ്നാട് അവർക്കാകുന്ന രൂപത്തിലൊക്കെ സമീപനങ്ങൾ എടുക്കുന്നുണ്ട്. പക്ഷേ തമിഴ്നാടിന് കേരളത്തോട് കുറച്ചുകൂടി സ്നേഹത്തോടുകൂടിയ, സൗഹാർദ്ദപരമായ ഒരു സമീപനം സ്വീകരിക്കാമായിരുന്നു. വെള്ളം മുഴുവൻ നമ്മൾ കൊടുത്തു. പറമ്പിക്കുളം-ആളിയാർ എഗ്രിമെന്റ് ഉണ്ടായപ്പോൾ കേരളത്തിന്റെ നാലു നദികളാണ് നമ്മുടെ സംസ്ഥാനത്തിന് നഷ്ടമായത്. അന്നത്തെ സാഹചര്യത്തിൽ വെള്ളം അധികം ഉണ്ടായിരുന്നിരിക്കാം. പക്ഷേ, നമ്മൾ സംസാരിച്ചുകൊണ്ടിരിക്കുന്ന സമയത്ത് കേരളം കുടിവെള്ളത്തിനു വേണ്ടി വിഷമിച്ചുകൊണ്ടിരിക്കുകയായിരുന്നു. നമ്മുടെ നാട്ടിലെ വലിയ തറവാടുകളില്ലേ? അവരുടെ പുഷ്ക്കല കാലത്ത് ഉള്ളതെല്ലാം ദാനം ചെയ്തു, അവസാനം നശിച്ച തറവാടുകളുണ്ടല്ലോ? അവർ ഇപ്പോൾ പട്ടിണി കിടക്കുന്നു എന്നു കരുതുക, അങ്ങനെ വന്നാൽ അവരോട് നാം എങ്ങനെയുള്ള സമീപനമായിരിക്കും സ്വീകരിക്കുക? പഴയ നാട്ടുരാജാക്കന്മാർക്ക് പ്രിവിപേഴ്സുപോലും കൊടുക്കാനുള്ള തീരുമാനം നമ്മുടെ പ്രിയപ്പെട്ട ഇന്ദിരാജി 1969-ൽ കൊണ്ടുവന്നതാണ്. അപ്പോൾ ഒരിക്കൽ ദാനംചെയ്തുയെന്നുള്ളതുകൊണ്ട് പിന്നീട് നമ്മുടെ സംസ്ഥാനത്ത് വെള്ളം കുറവുണ്ടായാൽ പഴയ പാരമ്പര്യത്തിലൂടെ അവർ പോകരുതായിരുന്നു. കേരളത്തിന്റെ ഇപ്പോഴത്തെ അവസ്ഥയും പ്രയാസങ്ങളും മനസ്സിലാക്കിക്കൊണ്ട് അവർ തർക്കിക്കാൻ വരരുതായിരുന്നുയെന്നതുതന്നെയാണ് എന്റെ പക്ഷം. എങ്കിലും രണ്ട് സംസ്ഥാനങ്ങൾ തമ്മിലുള്ള ഒരു സിവിൽ വാർ സാദ്ധ്യമല്ല. നിയമപരമായി നമ്മൾ മുന്നോട്ടു പോകുകയാണ്. നിയമം രൂപീകരിക്കുന്ന കാര്യത്തിൽ ഈ സഭയിലുള്ള എല്ലാ അംഗങ്ങളും ഒരുമിച്ച് നിൽക്കുകയാണ്. കേരള നിയമസഭയുടെ ഈ ചരിത്ര മുഹൂർത്തത്തിൽ നമുക്ക് എല്ലാപേർക്കുംകൂടി ചേർന്ന് ഈ നിയമം പാസ്സാക്കാം. ഈ നിയമം പാസ്സാക്കുന്ന സന്ദർഭത്തിലുള്ള ചർച്ചയിൽ ക്രിക്കറ്റ് കളിയിൽ രണ്ട് ടീമുകൾ ബാൾ എറിയുന്നതുപോലെ അന്യോന്യം പലതും അങ്ങോട്ടും ഇങ്ങോട്ടും പറഞ്ഞിട്ടുണ്ടാകാം; പക്ഷേ ഈ മുഹൂർത്തത്തിൽ നമുക്കൊരുമിച്ച് നിന്ന് ഈ നിയമം പാസ്സാക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ ബില്ലിനെക്കുറിച്ച് അവസാനം സംസാരിക്കുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. ഈ നിയമം പാസ്സാക്കാൻ എല്ലാപേരും ഒരുപോലെ സഹകരിക്കണമെന്നു മാത്രം വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, പതിനൊന്നാം കേരള നിയമസഭ പിരിയുന്നത് ഒരു ചരിത്ര സംഭവത്തിന് സാക്ഷിയായിക്കൊണ്ടാണ്. കേരളത്തിലെ ജനങ്ങളുടെ സുരക്ഷ ഉറപ്പാക്കാൻ വേണ്ടി സഭയിൽ ഇന്നലെയും ഇന്നും കേട്ടത് ഒരേ ശബ്ദമാണ്. ചില തർക്കങ്ങൾ പറഞ്ഞെങ്കിലും എല്ലാവരും അതിന്റെ തത്വത്തോട് യോജിച്ചിരിക്കുകയാണ്. ഇതൊരു മാതൃകയാണ്. കേരളത്തിലെ ജനങ്ങളെ ബാധിക്കുന്ന പൊതുവായ പ്രശ്നങ്ങൾ വരുമ്പോൾ മറ്റുള്ള അഭിപ്രായവ്യത്യാസങ്ങൾക്കതീതമായി കേരളത്തിലെ എല്ലാ രാഷ്ട്രീയ പാർട്ടികൾക്കും നേതാക്കൾക്കും അവസരത്തിനൊത്ത് ഉയർന്നുപ്രവർത്തിക്കാൻ സാധിക്കുമെന്നതിന്റെ വ്യക്തമായ ഒരു മാതൃകയായി ഞാൻ ഇതിനെ കാണുകയാണ്. ഉന്നത നിലവാരം പുലർത്തിയ ചർച്ചയിൽ പങ്കെടുത്ത എല്ലാപേരോടും ഗവൺമെന്റിനുവേണ്ടി ഞാൻ നന്ദി പറയുന്നു. ഈ നിയമം പാസ്സാക്കിയാൽ അത് നടപ്പാക്കുന്ന കാര്യത്തിൽ ഗവൺമെന്റ് അങ്ങേയറ്റത്തെ ശുഷ്കാന്തി കാണിക്കും. ഇന്നലെ ഈ ബിൽ അവതരിപ്പിച്ച അവസരത്തിൽ ഞാൻ പറഞ്ഞതുപോലെ തമിഴ്നാടുമായി നമുക്ക് യാതൊരു അഭിപ്രായ വ്യത്യാസവുമില്ല. തമിഴ്നാടുമായി നല്ല ബന്ധം പുലർത്താൻ നമ്മൾ ആഗ്രഹിക്കുന്നു. അതുതന്നെയായിരിക്കും ഇനിയും തുടരുന്നത്. തമിഴ്നാടുമായി ഇന്നും തർക്കത്തിലിരിക്കുന്ന നദീജല തർക്കങ്ങളെ സംബന്ധിച്ച് രമ്യമായ ഒരു തീരുമാനമുണ്ടാക്കാൻ തന്നെയാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. ഞാൻ ഈ സ്ഥാനത്ത് വന്നതിനുശേഷം തമിഴ്നാട് മുഖ്യമന്ത്രിയുമായി ചർച്ച ചെയ്തു. ജലവിഭവ വകുപ്പുമന്ത്രി അവിടത്തെ ജലസേചന വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്തു. ചീഫ് സെക്രട്ടറി ലവലിൽ ചർച്ച ചെയ്തു. ഒന്നരക്കൊല്ലത്തിനിടയിൽ മൂന്ന് പ്രാവശ്യം ഇതുസംബന്ധിച്ച് ചർച്ച നടത്തി. തമിഴ്നാടുമായി നല്ല ബന്ധം പുലർത്താനും നല്ല സൗഹൃദം നിലനിർത്തിക്കൊണ്ടുതന്നെ നിലവിലുള്ള തർക്കങ്ങൾ തീർക്കാനുമാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. മുല്ലപ്പെരിയാറിനെ സംബന്ധിച്ചിടത്തോളം ജനങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തേണ്ട ഒരു സാഹചര്യം വന്നതുകൊണ്ട് ഇതുപോലൊരു നടപടിയിൽക്കൂടി മാത്രമേ സാധിക്കുകയുള്ളു. അതുകൊണ്ടാണ് ഇങ്ങനെയൊരു നടപടി സ്വീകരിക്കേണ്ടിവന്നത്. തമിഴ്നാടുമായിട്ടുള്ള നല്ല ബന്ധം നിലനിർത്തിക്കൊണ്ടുതന്നെ കേരളത്തിന്റെ താൽപ്പര്യം സംരക്ഷിച്ച് ജനങ്ങളുടെ സുരക്ഷ ഉറപ്പാക്കി മുന്നോട്ടുപോകുന്നതിന് ഗവൺമെന്റ് ശ്രമിക്കും. ഈ ചർച്ചയിൽ കാട്ടിയ ഈ യോജിപ്പ്, ഗവൺമെന്റിന്റെ പൊതുവായ സമീപനത്തിലും കേരളത്തിന്റെ വികസന കാര്യത്തിലും കേരളത്തിലെ ജനങ്ങൾക്ക് നന്മ ചെയ്യുന്ന കാര്യത്തിലുമൊക്കെ ഉണ്ടാവണം. രാഷ്ട്രീയ അഭിപ്രായ വ്യത്യാസങ്ങൾ നിലനിർത്തിക്കൊണ്ടുതന്നെ നമുക്ക് യോജിച്ച് പ്രവർത്തിക്കാം. ഇത് നല്ലൊരു തുടക്കമായി തീരട്ടെയെന്ന് ആശംസിക്കുന്നു. ഈ ചർച്ചയിൽ പങ്കെടുത്ത എല്ലാപേർക്കും നന്ദി പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ : 2006-ലെ കേരള ജലസേചനവും ജല സംരക്ഷണവും (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു, ബിൽ ഐകകണ്ഠ്യേന പാസ്സാക്കിയിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly